# Vol. 1

**Circular No. 01 / 2007**
**Prot. No. 4798 / 2007**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നാം പുതിയൊരു വർഷത്തിലേക്ക് കടന്നിരിക്കുകയാണല്ലോ. കഴിഞ്ഞവർഷം ദൈവം നമുക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറയാനും ആ കാലഘട്ടത്തിൽ നാം ചെയ്ത തെറ്റുകളോർത്ത് പശ്ചാത്തപിച്ച് അവയ്ക്ക് മാപ്പപേക്ഷിക്കുവാനും വേണ്ട തിരുത്തലുകൾ വരുത്തി ജീവിതത്തിൽ പുതിയൊരധ്യായം ആരംഭിക്കുവാനുമുള്ള അവസരമാണിത്. 2007 നിങ്ങൾക്കേവർക്കും ദൈവാനുഗ്രഹത്തിന്റെ വർഷമാകട്ടെ.

ക്രിസ്തുസംഭവമാണല്ലോ ക്രിസ്തുവർഷത്തിന്റെ ആധാരമായി നിലകൊള്ളുന്നത്. അതിനാൽ പുതിയവർഷം ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെപ്പറ്റിയും ആ സംഭവത്തിന് ക്രൈസ്തവരുടെ ജീവിതത്തിലുള്ള പ്രാധാന്യത്തെപ്പറ്റിയും ഓർമ്മപ്പെടുത്തുന്ന അവസരം കൂടിയാണ് എന്നും നാം വിസ്മരിക്കരുത്. വി. പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ വിശ്വസിക്കുന്നവരെല്ലാം പുതിയ സൃഷ്ടിയാണ്. പാപമാകുന്ന അന്ധകാരവസ്ത്രം അഴിച്ചുമാറ്റി ക്രിസ്തുവാകുന്ന പ്രകാശവസ്ത്രം ധരിച്ചവരാണവർ. കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി ശുദ്ധിവരുത്തിയവരാണ് ക്രൈസ്തവർ. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കാനും അതിൽ ജീവിക്കാനും മറ്റുള്ളവരെ അതിലേക്ക് ആകർഷിക്കാനും അവർ വിളിക്കപ്പെട്ടിരിക്കുന്നു.

വി. പൗലോസിന്റെ തന്നെ വാക്കുകളിൽ ക്രിസ്തുവിനോടൊത്ത് മരിച്ച് ഉത്ഥാനം ചെയ്തവരാണ് ക്രൈസ്തവർ (റോമ. 6:3-6). നമ്മുടെ ജ്ഞാനസ്നാനത്തിലാണ് ഇതു സംഭവിക്കുന്നത്. ജ്ഞാനസ്നാനാർത്ഥി വെള്ളത്തിൽ മുങ്ങുന്നത് ക്രിസ്തുവിനോടൊത്ത് മരിക്കുന്നതിന്റെയും വെള്ളത്തിൽനിന്ന് പുറത്തു വരുന്നത് അവിടുത്തോടൊത്ത് ഉയിർത്തെഴുന്നേൽക്കുന്നതിന്റെയും പ്രതീകമാണ്. യഥാർത്ഥ ക്രൈസ്തവജീവിതം ഉത്ഥാനത്തിന്റെ ജീവിതം തന്നെയാണ്.

സ്വർഗ്ഗീയജീവിതത്തിന്റെ മുന്നാസ്വാദനമാണ് യഥാർത്ഥ ക്രൈസ്തവജീവിതം. ശാന്തിയും സമാധാനവും സ്നേഹവും ഒരു

മയും പരസ്പരം കരുതലും ദൈവത്തോടൊത്തുള്ള ജീവിതവും മറ്റുമായിരിക്കണമല്ലോ സ്വർഗ്ഗത്തിൽ കിട്ടുമെന്ന് നാം വിശ്വസിക്കുന്നത്. അതുതന്നെയാണ് ക്രിസ്തീയജീവിതവും. സ്വർഗ്ഗത്തിൽ അതിന്റെ പൂർണ്ണതയാണെങ്കിൽ ഭൂമിയിൽ അതിന്റെ അപൂർണ്ണമായ രൂപമാണെന്ന് മാത്രം. ഈ പുതുവർഷത്തിൽ നാമെല്ലാവരും ഈ ഉത്ഥാനജീവിതം അനുഭവിക്കുന്നവരും അത് മറ്റുള്ളവർക്കും അനുഭവിക്കാൻ ഇടവരുത്തുന്നവരും ആയിത്തീരട്ടെ എന്നാണെന്റെ ആശംസയും പ്രാർത്ഥനയും.

സ്വർഗ്ഗത്തിലെ അനുഭവം ഈ ഭൂമിയിൽത്തന്നെ സംജാതമാക്കുവാനാണ് ഓരോ ക്രൈസ്തവവിശ്വാസിയും പരിശ്രമിക്കേണ്ടത്. നമ്മുടെ ഈ ദൗത്യത്തെപ്പറ്റി ആഴത്തിലുള്ള ഒരവബോധം നമ്മിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2007 നമ്മുടെ രൂപതയിൽ സാമൂഹ്യാവബോധവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുവാനുള്ള ഈ ശ്രമത്തിൽ നമുക്കേവർക്കും ആത്മാർത്ഥമായി പങ്കുചേരാം. സമൂഹത്തിലെ ഗുണപരമായ പല മാറ്റങ്ങൾക്കും വഴിതെളിച്ചിട്ടുള്ളത് ക്രൈസ്തവരാണ്. ആ നല്ല പാരമ്പര്യം ഇവിടെയും ആവർത്തിക്കട്ടെ.

ദൈവമാണ് ഈ ലോകത്തേയും അവയിലുള്ള സമസ്ത ജീവജാലങ്ങളേയും സൃഷ്ടിച്ചതെന്നും മനുഷ്യരെല്ലാം അവിടുത്തെ മക്കളും അതിനാൽ സഹോദരീസഹോദരന്മാരാണെന്നുമുള്ള കാഴ്ചപ്പാടാണ് ക്രൈസ്തവരെ ഇത്തരം സാമൂഹ്യമാറ്റങ്ങൾക്ക് പ്രേരിപ്പിക്കുന്നത്. ഇവിടെ എല്ലാവർക്കും മാന്യമായ ജീവിതത്തിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടണം. ക്രൈസ്തവർക്ക് അതിലുള്ള ഉത്തരവാദിത്വത്തെപ്പറ്റി ഈ സാമൂഹ്യാവബോധവർഷം ഓർമ്മപ്പെടുത്തട്ടെ.

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് (ഉൽപ. 1,26) ഈ ദൈവികാംശം മനുഷ്യനിലുള്ളതുകൊണ്ടാണ് മറ്റുള്ളവരിൽ നാം ദൈവത്തെ കാണണമെന്നു പറയുന്നത്. ഈ ചെറിയവരിൽ ഒരാൾക്ക് നിങ്ങളിത് ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത് (മത്താ.25,40) എന്നു കർത്താവ് പറയുന്നതിന്റെ പൊരുളും മറ്റൊന്നല്ല. അതു ചെയ്തു കൊടുക്കാത്തപ്പോൾ അവിടുത്തേയ്ക്ക് തന്നെയാണ് ചെയ്തു കൊടുക്കാത്തതും. ക്രിസ്തീയ പരസ്നേഹ പ്രവർത്തന

ങ്ങൾക്ക് അടിസ്ഥാനം ഈ ആശയമാണ്.

കേവലം ഏതാനും പരസ്നേഹപ്രവൃത്തികൾ ചെയ്തു കൊടുത്തതുകൊണ്ടുമാത്രം മനുഷ്യനിലെ ദൈവികാംശം മാനിക്കപ്പെടുന്നില്ല. എല്ലാവർക്കും ഈ ഭൂമിയിൽ ദൈവമക്കളെന്ന നിലയിൽ മാന്യമായി ജീവിക്കുവാനുള്ള വസ്തുവകകളും സാഹചര്യവും ഉണ്ടാകണം. നമുക്കുള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കുക ക്രൈസ്തവ വിശ്വാസത്തിന്റെ അവശ്യഘടകം തന്നെയാണ്. എന്നാൽ അങ്ങനെ ചെയ്തതുകൊണ്ടുമാത്രം ഇല്ലാത്തവർ ഉള്ളവരായി മാറുന്നില്ല. ഇല്ലാത്തവർക്കും എന്തെങ്കിലും ഉണ്ടാക്കുവാനുള്ള സാഹചര്യമാണ് നാം സൃഷ്ടിക്കേണ്ടത്. എന്നാൽ അതിന് വിഘാതമായി നിൽക്കുന്ന അനേകം കാര്യങ്ങൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. അവയെ ഏതെന്ന് ചൂണ്ടിക്കാണിക്കാനും അവബോധമുളവാക്കാനും വേണ്ടിയാണ് ഈ സാമൂഹ്യാവബോധവർഷം പ്രഖ്യാപിച്ചിരിക്കുന്നത്. വേണമെങ്കിൽ ഇതിനെ പൗരാവബോധവർഷം എന്നും വിളിക്കാം. കാരണം ഉത്തമപൗരന്മാർ എങ്ങനെ പെരുമാറണം എന്നതും ഈ വർഷത്തിൽ നമ്മുടെ ചിന്താവിഷയമാണ്.

പരസ്പരം ചൂഷണം ചെയ്യപ്പെടാതെയും ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെയും ഏവർക്കും ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിൽ ഓരോ ക്രൈസ്തവ വിശ്വാസിയും പങ്കുചേരണം. അതിനു തടസ്സമായി നിൽക്കുന്ന ഘടകങ്ങളെ എന്തു വിലകൊടുത്തും പ്രതിരോധിക്കുകയും വേണം. സമൂഹത്തിൽ നടമാടുന്ന അഴിമതിയും അക്രമവും അച്ചടക്കമില്ലായ്മയും എല്ലാം ഈ ചൂഷണത്തിന്റെ പല രൂപങ്ങളാണ്. വ്യക്തികളും സമൂഹങ്ങളും സഭേതരവും സഭാപരവുമായ സംവിധാനങ്ങളും ഈ യത്നത്തിൽ പങ്കാളികളാകണം. സ്വതന്ത്രമായി സഞ്ചരിക്കാനും മാന്യമായി തൊഴിൽ ചെയ്ത് ജീവിക്കാനുമുള്ള അവകാശത്തെ ഹനിച്ചുകൊണ്ട് നിർബന്ധിത ഹർത്താലും ബന്ദും പണിമുടക്കും മറ്റും നടത്തുന്നത് ഇപ്രകാരമുള്ള ചൂഷണം തന്നെയാണ്. സംഘടിതശക്തികൊണ്ട് ഒരു ന്യൂനപക്ഷം ഭൂരിപക്ഷത്തെ അടിച്ചമർത്തുന്ന കാടൻ സമ്പ്രദായമാണത്.

പ്രകൃതിയെ അമിതമായ തോതിൽ ചൂഷണം ചെയ്ത് കാലാവസ്ഥയെപ്പോലും മാറ്റിമറിച്ച് ജീവജാലങ്ങളുടെ നിലനിൽപ്പിനെ

അപകടത്തിലാക്കുന്ന പ്രവണത ഇന്നേറിവരുന്നു. അതിന്റെ പാർശ്വ ഫലമായിട്ടാണ് ജലവും വായുവും ഭൂമിയുമെല്ലാം മലീമസമാക്കപ്പെ ടുന്നത്. രാഷ്ട്രീയ-മത-സാംസ്കാരിക ആഘോഷങ്ങളുടെ പേരിൽ ശബ്ദമലിനീകരണം ഉണ്ടാക്കുന്നതും ആളുകൾക്കും വാഹന ങ്ങൾക്കും അപകടകരമാംവിധം റോഡിൽ കമാനങ്ങൾ ഉയർത്തുന്നതും ബാനറുകൾ കെട്ടുന്നതും ഡ്രൈവർമാരുടെ ശ്രദ്ധ തിരിക്കത്തക്കവിധം പരസ്യബോർഡുകൾ സ്ഥാപിക്കുന്നതും സ്ഥല ങ്ങളെയും ദൂരത്തേയും സൂചിപ്പിക്കുന്ന ബോർഡുകളിലും മറ്റും നോട്ടീസ് പതിക്കുന്നതും എല്ലാം നമ്മുടെ സാമൂഹ്യാവബോധത്തിന്റെ കുറവുതന്നെയാണ് സൂചിപ്പിക്കുന്നത്. വാഹനങ്ങൾക്ക് സഞ്ചരി ക്കേണ്ട വഴികളിൽ കച്ചവടം നടത്തുന്നതും മണിക്കൂറുകളോളം ഗതാ ഗത തടസ്സം സൃഷ്ടിച്ചുകൊണ്ട് പ്രകടനങ്ങളും പ്രദക്ഷിണങ്ങളും കാണിക്കുന്നതും മറ്റൊന്നല്ല. സ്വകാര്യാവശ്യങ്ങൾക്കും പൊതു ആവ ശ്യങ്ങൾക്കും റോഡുകൾ കുത്തിപ്പൊളിക്കുന്നതിനേയും മറ്റൊരു രീതി യിൽ കാണാൻ സാധിക്കുകയില്ല.

രോഗകാരണങ്ങളാകും എന്നറിഞ്ഞുകൊണ്ടുതന്നെ പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും തുപ്പുന്നതും മൂക്കുചീറ്റു ന്നതും നിരോധിക്കാൻ ഈ നാട്ടിലെ കോടതികൾതന്നെ വേണ്ടി വന്നു എന്നത് പരിഷ്കൃതജനതയെന്നഭിമാനിക്കുന്ന നമുക്കൊട്ടും ഭൂഷണമല്ല. പൊതുസ്ഥലത്ത് മലമൂത്രവിസർജ്ജനം നടത്തുന്നതും ഇതുപോലെ തന്നെ. എന്നാൽ മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായു ള്ളവ നിർവ്വഹിക്കാതിരിക്കാൻ പറ്റില്ല. അതിനുവേണ്ട സൗകര്യപ്രദവും വൃത്തിയുള്ളതുമായ സ്ഥലങ്ങൾ ഉണ്ടാക്കേണ്ടത് സർക്കാരിന്റെയും സ്വകാര്യ സംരംഭകരുടെയും കടമയാണ്. ഇന്നുള്ളതുതന്നെ പല സ്ഥലങ്ങളിലും കയറിച്ചെല്ലാൻ പറ്റാത്തതരത്തിൽ മലിനവും രോഗ ജന്യവുമാണ്.

നമ്മുടെ പൊതുസ്ഥലങ്ങളിൽ കാണുന്ന മാലിന്യക്കൂമ്പാര ങ്ങളും അതിനിടയിലൂടെ ഓടിനടക്കുന്ന മൂഷികഗണവും ക്ഷുദ്രജീ വികളും നമ്മുടെ സാമൂഹ്യാവബോധമില്ലായ്മയുടെ ഉദാഹരണങ്ങ ളാണ്. പൊട്ടിപ്പൊളിഞ്ഞ റോഡുകളും പൊട്ടിയൊലിച്ച് ദുർഗ്ഗന്ധം വമിക്കുന്ന കക്കൂസ് ടാങ്കുകളും പ്രവർത്തിക്കാത്ത പൊതുജല വിത

രണ സംവിധാനവും അടിയ്ക്കടി അപ്രത്യക്ഷമാകുന്ന വിദ്യുച്ഛക്തിയും വ്യത്തിഹീനവും അറപ്പുളവാക്കുന്നതുമായ ആശുപത്രി-ഹോട്ടൽ പരിസരങ്ങളും എല്ലാം മാന്യമായ ജീവിതത്തെ തടസ്സപ്പെടുത്തുന്ന കാര്യങ്ങളാണ്. ഇക്കാര്യത്തിൽ ഭരണാധികാരികളും ജനങ്ങളും പുലർത്തുന്ന നിസ്സംഗത മാറുകതന്നെ വേണം.

ഏതാനും ആഴ്ചകൾകൊണ്ട് പണിതീർക്കാവുന്ന റോഡുകളും പാലങ്ങളും കലുങ്കുകളും മറ്റും വർഷങ്ങളോളം തീരാതെ കിടക്കുന്നത് നാം കാണാറുണ്ട്. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരുടെ അഴിമതിയും പണക്കൊതിയും സ്വാർത്ഥതയും സ്പർദ്ധയുമെല്ലാമാണ് അതിനു കാരണം. ഏതാനുംപേരുടെ സ്വാർത്ഥത ആയിരക്കണക്കിന് ആളുകളുടെ സ്വത്തിനും ജീവനുമാണ് ഭീഷണിയാകുന്നത്.

വാഹനം ഓടിക്കുന്ന കാര്യത്തിൽ നാമൊരു കുപ്രസിദ്ധി തന്നെ നേടിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വാഹനാപകടങ്ങൾ ഉണ്ടാകുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. റോഡുകളുടെ ശോച്യാവസ്ഥ തന്നെ കാരണം. അതിലുപരി മദ്യപിച്ചിട്ടും മയക്കുമരുന്നിനടിമപ്പെട്ടും അമിതവേഗതയിലും യാതൊരു നിയമങ്ങളും പാലിക്കാതെയും വാഹനമോടിക്കുന്നവരും കൂടിയാകുമ്പോൾ ചിത്രം പൂർത്തിയായി.

ഇങ്ങനെ നമ്മുടെ സാമൂഹ്യജീവിതത്തിൽ മറ്റ് സമൂഹാംഗങ്ങൾക്ക് യാതൊരു പരിഗണനയും നൽകാതെ ചെയ്യുന്ന അനേകം പ്രവൃത്തികൾ ഇനിയുമുണ്ട്. പരസ്പരം പഴിചാരി കാര്യങ്ങൾ വിശദീകരിക്കാനാണ് നാം ശ്രമിക്കാറുള്ളത്. എന്നാൽ നാമൊന്നോർക്കേണ്ടതുണ്ട്. നാമെല്ലാം ഇതിൽ ഉത്തരവാദിത്വം പേറുന്നവരാണ്. വളരെയധികം നമുക്കും ചെയ്യാൻ കഴിയും. അതിനുള്ള അവബോധം നമ്മിൽ വളരുകയാണ് ആദ്യം നടക്കേണ്ടത്.

ഇക്കാര്യങ്ങൾ മതബോധനക്ലാസ്സുകൾ, ഭക്തസംഘടനകളുടെ പ്രവർത്തനപരിപാടികൾ തുടങ്ങിയവകളിൽ ഉൾക്കൊള്ളിച്ചുകൊണ്ടും വാർഡുപ്രാർത്ഥനകൾ, പള്ളിപൊതുയോഗങ്ങൾ, കമ്മിറ്റി മീറ്റിംഗുകൾ തുടങ്ങിയവയിൽ ചർച്ച ചെയ്തുകൊണ്ടും മേൽപ്പറഞ്ഞ അവബോധം കുറെയെല്ലാം ഉണ്ടാക്കിയെടുക്കുവാൻ കഴിയും. അതുപോലെ തന്നെ സ്കൂളുകളും ഇക്കാര്യങ്ങൾക്കായി പ്രത്യേകം പരിപാടികൾ സംഘടിപ്പിക്കുകയും ക്ലാസ്സുകളിൽ കൂടിത്തന്നെ കുട്ടികൾക്ക്

അവബോധം കൊടുക്കുകയും ചെയ്യാവുന്നതാണ്. അങ്ങനെ സാമൂഹ്യാവബോധവും പൗരാവബോധവുമുള്ളതുമായ ഒരു ജനതക്കായി നമുക്ക് മാറാം. നമ്മുടെ മാതൃക മറ്റുള്ളവരും പിൻതുടരട്ടെ.

2007 ജനുവരി 1 മുതൽ ഡിസംബർ 1 വരെയാണ് നാം സാമൂഹ്യാവബോധവർഷമായി ആചരിക്കുന്നത്. ഇക്കാര്യം ബഹു. വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുകയും ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്ത് നടപ്പാക്കാൻ ശ്രദ്ധിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ മറ്റ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ഉത്തരവാദിത്വമുള്ളവരും ചെയ്യേണ്ടതാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽ നിന്ന് 2007 ജനുവരി 1-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതാമെത്രാൻ

---

NB:- ഈ സർക്കുലർ ജനുവരി 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.

* *

**Circular No. 02 / 2007**
**Prot. No. 4808 / 2007**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന ഏകദേശം 500 കുട്ടികൾക്ക് നിങ്ങളുടെ സഹായത്തോടെയും സഹകരണത്തോടെയും വർഷം 1000 രൂപാവീതം പഠനസഹായധനം കൊടുക്കുവാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യ

മുണ്ട്. ഓരോ ഇടവകയിൽനിന്നും മേൽപ്പറഞ്ഞ ക്ലാസ്സുകളിൽ പഠിക്കുന്ന ഏറ്റവും സമർത്ഥരും എന്നാൽ നിർദ്ധനരുമായ വിദ്യാർത്ഥികളെ ഇടവകവികാരിയച്ചനും കമ്മിറ്റിക്കാരും കൂടി കണ്ടെത്തി പേരുകൾ രൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ഇടവകയുടെ അക്കൗണ്ട് വഴിതന്നെ പണം വിതരണം ചെയ്യുകയുമാണ് ചെയ്തത്. ഇതിനായി സഹകരിച്ച ബഹു. വികാരിയച്ചന്മാരെയും ഭരണസമിതി അംഗങ്ങളെയും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

എന്റെ ആഹ്വാനം ചെവിക്കൊണ്ട് ഉദാരമനസ്കരായ ധാരാളം പേർ സംഭാവന നൽകുവാനായി മുന്നോട്ടുവന്നു. വ്യക്തികൾ, ഇടവകകൾ, സന്യാസസമൂഹങ്ങൾ തുടങ്ങി പലരും ഇതിൽ ആത്മാർത്ഥമായി സഹകരിച്ചു. അതുപോലെതന്നെ പല ഇടവകകളിലേയും തിരുനാൾചെലവിന്റെ ഒരു നിശ്ചിതശതമാനം തുക ഇക്കാര്യത്തിലേക്ക് തന്നിട്ടുണ്ട്. ഇടവകയിൽ എടുത്ത പിരിവിലും മിക്ക ഇടവകകളും നന്നായിസഹകരിച്ചു. അതിലെല്ലാമുപരി ഏതാനും ഇടവകകളിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ തങ്ങൾക്കു കിട്ടിയ സമ്മാനത്തിന്റെയും മറ്റും ഒരു ഭാഗം ഈ നല്ല സംരംഭത്തിലേക്ക് സംഭാവന ചെയ്തത് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദിപറയുന്നു.

കഴിഞ്ഞവർഷം എല്ലാ വിഭാഗത്തിലുമായി പിരിഞ്ഞുകിട്ടിയ തുക 41257 രൂപയാണ്. അതിൽ 407000 രൂപ വിതരണം ചെയ്തു. (407 കുട്ടികൾ, ഒരാൾക്ക് 1000 രൂപ വീതം) ബാക്കിനിൽക്കുന്ന തുക ഈ വർഷം കൊടുക്കുന്നതാണ്. താമസിച്ചുകിട്ടിയതുകൊണ്ടാണ് അതു കൊടുക്കാൻ പറ്റാതെ പോയത്.

ഈ വർഷവും ഈ സംരംഭത്തിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യാൻ നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെ വീടുകളിൽ നടത്തപ്പെടുന്ന ആഘോഷങ്ങൾക്ക് ചെലവാക്കാൻ ഉദ്ദേശിക്കുന്ന സംഖ്യയുടെ ഒരു ഭാഗം, അതെത്ര ചെറുതോ വലുതോ ആകട്ടെ, ഇക്കാര്യത്തിലേക്ക് മാറ്റി വയ്ക്കണം. അതുപോലെ തന്നെ ഇടവകത്തിരുനാളിന് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ രണ്ടു ശതമാനമെങ്കിലും വിദ്യാഭ്യാസ ഫണ്ടിലേക്ക് മാറ്റിവയ്ക്കുകയാണെ

ങ്കിൽ ദൈവം നിങ്ങളുടെ ഇടവകകളെ കനിഞ്ഞനുഗ്രഹിക്കും എന്ന തിൽ സംശയിക്കേണ്ട, വ്യക്തികളും സന്യാസസമൂഹങ്ങളും ഈ ഉദ്യ മത്തിൽ പങ്കുചേരണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കഴിഞ്ഞ വർഷത്തേതുപോലെ തന്നെ ഈ വർഷവും വിദ്യാ ഭ്യാസ ഫണ്ടിലേക്ക് ഒരു പൊതു പിരിവ് എടുക്കുകയാണ്. ജനുവരി 28-ാം തീയതി ഞായറാഴ്ച ഇടവകകളിൽ ഈ പിരിവു നടത്തി കിട്ടുന്ന തുക എത്രയും വേഗം രൂപതാകേന്ദ്രത്തിൽ എത്തിക്കണം. മുൻവർഷ ങ്ങളിലേതുപോലെ അന്നേ ദിവസം രണ്ടു പിരിവുകൾ എടുക്കുന്നത് നന്നായിരിക്കും. ആദ്യത്തേത് ഇടവകയ്ക്കുവേണ്ടിയും രണ്ടാമത്തേത് വിദ്യാഭ്യാസഫണ്ടിനു വേണ്ടിയും.

കഴിഞ്ഞവർഷം 500 പേർക്ക് തികച്ചുകൊടുക്കാൻ മാത്രം തുക കിട്ടിയില്ല. ഈ വർഷം അതു സാധ്യമാകും എന്നു പ്രതീക്ഷിക്കുക യാണ്. വിദ്യാഭ്യാസഫണ്ടിൽ നിന്ന് സഹായധനം കിട്ടുന്നവർ തീർച്ച യായും നിങ്ങളെ പ്രാർത്ഥനയിൽ ഓർക്കും. അത് കർത്താവിന്റെ മുമ്പിൽ കൂടുതൽ സ്വീകാര്യവും പ്രീതികരവുമാണെന്നും ദൈവ മത് കേട്ട് നിങ്ങളെ അനുഗ്രഹിക്കും എന്നും മറക്കാതിരിക്കുക. ശാന്തിയും സമാധാനവും തേടി തീർത്ഥാടനകേന്ദ്രങ്ങൾ സന്ദർശിക്കു ന്നതോടൊപ്പം ഈ സംരംഭത്തിലും പങ്കാളികളായി നോക്കുക. നിങ്ങ ളന്വേഷിക്കുന്ന ശാന്തിയും സമാധാനവും നിങ്ങളറിയാതെ തന്നെ നിങ്ങൾക്ക് കൈവരുന്നതാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതാമെത്രാൻ

---

NB:- ഈ സർക്കുലർ ജനുവരി 21-ാം തീയതി പള്ളികളിൽ വായി ക്കണം. 28-ാം തീയതി പറഞ്ഞിരിക്കുന്നതുപോലെ പിരിവെടു ക്കുകയും ചെയ്യേണ്ടതാണ്.

# പ്രത്യേക ശ്രദ്ധയ്ക്ക്

1. ഇടവകസന്ദർശനം, ഇടവകയിലെ മറ്റു പരിപാടികൾ എന്നിവയോടനുബന്ധിച്ച് എനിക്കുവേണ്ടി സ്വീകരണച്ചടങ്ങുകൾ സംഘടിപ്പിക്കുന്നത് ഒഴിവാക്കണം എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ചുരുക്കം ചില ഇടവകകളിലെങ്കിലും അത് പാലിക്കപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ ബഹു. വികാരിയച്ചന്മാരുടെ ശ്രദ്ധ ഒരിക്കൽക്കൂടി ക്ഷണിക്കുന്നു.
2. ഞാൻ പങ്കെടുക്കുന്ന സമ്മേളനങ്ങളിൽ സ്വാഗതപ്രസംഗം, നന്ദിപ്രകടനം എന്നിവയിൽ എന്നെപ്പറ്റി പരാമർശിക്കുമ്പോൾ മുഖസ്തുതിയും പുകഴ്ത്തലും ഒഴിവാക്കി കാര്യമാത്രപ്രസക്തമായി മാത്രം അവ നിർവ്വഹിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.
3. വെള്ളിയാഴ്ചകളിൽ ബിഷപ്സ്ഹൗസിൽ ഞാൻ സന്ദർശകരെ സ്വീകരിക്കുന്നതല്ല എന്നറിയിച്ചിട്ടുണ്ടെങ്കിലും പലരും അന്ന് കാണാനുള്ള അവസരം ആവശ്യപ്പെടാറുണ്ട്. അങ്ങനെ വരാതിരിക്കാൻ ശ്രദ്ധിക്കണം എന്നുകൂടി അഭ്യർത്ഥിക്കുന്നു.



**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതാമെത്രാൻ

# Vol. 2

**Pastoral Letter No. 01 / 2007**
**Prot. No. 4914 / 2007**

ദൈവകൃപയാൽ മാനന്തവാടി രൂപതയുടെ ഇടയനായ

**മാർ ജോസ് പൊരുന്നേടം**

തന്റെ സഹശുശ്രൂഷകരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സന്യസ്തർക്കും അല്മായസഹോദരർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്. നിങ്ങൾക്കേവർക്കും നമ്മുടെ കർത്താവിൽ കൃപയും സമാധാനവും.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കർത്താവിന്റെ രക്ഷാകരദൗത്യനിർവ്വഹണത്തിന്റെ ഓർമ്മ പുതുക്കിലന് പ്രാരംഭമായി ഒരിക്കൽകൂടി നാം പരമ്പരാഗതമായി ആചരിച്ചു വരുന്ന വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. ഈ കാലഘട്ടം അതിന്റെ ചൈതന്യം ചോർന്നുപോകാതെ ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളിൽ നാമും പങ്കുകാരാകുന്നതരത്തിൽ ചെലവഴിക്കാൻ നമുക്ക് ശ്രമിക്കാം.

ഭൗമികവാസം അവസാനിപ്പിച്ച് സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു തന്റെ ഭൗതികശരീരത്തിലെ അവയവങ്ങളായ നാമോരോരുത്തരിലൂടെയുമാണ് രക്ഷാകരദൗത്യം തുടർന്നുകൊണ്ടിരിക്കുന്നത്. ഈ വസ്തുത നാം നമ്മെത്തന്നെ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കണം. രക്ഷാകരദൗത്യനിർവ്വഹണത്തിന് നമുക്കും കർത്താവിന്റേതല്ലാതെ മറ്റൊരു പാതയില്ല എന്ന കാര്യവും നാം വിസ്മരിക്കരുത്.

പിതാവായ ദൈവം വിഭാവനം ചെയ്ത രക്ഷാകരപദ്ധതിയുടെ ആദ്യഘട്ടം മനുഷ്യാവതാരമായിരുന്നു. സർവ്വലോകങ്ങളുടെയും സ്രഷ്ടാവും ഉടയവനുമായവൻ കേവലം സൃഷ്ടിയായ മനുഷ്യനാകുന്നു. ഔന്നത്യത്തിന്റെ കൊടുമുടിയിൽ നിന്ന് എളിമയുടെ താഴ്‌വാരത്തിലേക്കുള്ള ഒരു എടുത്തുചാട്ടമായിരുന്നു അത്. സ്വയം ശൂന്യവത്ക്കരണത്തിന്റെ ഉദാത്തമാതൃകയാണത്. ഇതേപ്പറ്റി വി. പൗലോസ് ശ്ലീഹാ എഴുതുന്നു : “ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട

ഒരു കാര്യമായി പരിഗണിച്ചില്ല, തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാന്നിദ്ധ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ, അതേ, കുരിശുമരണംവരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി" (ഫിലി. 2, 6-8). യേശുവിനെപ്പോലെ സ്വയം ശൂന്യവത്ക്കരണത്തിലൂടെയാണ് നാം അവിടുത്തെ ദൗത്യത്തിൽ ഭാഗഭാക്കാകേണ്ടത്.

മാനുഷികമാനദണ്ഡങ്ങളെ മാറ്റിമറിച്ചുകൊണ്ട് ഒരു തച്ചന്റെയും നിരക്ഷരയായ ഗ്രാമീണകന്യകയുടെയും മകനായാണ് ലോകരക്ഷകൻ വളർന്നതും അറിയപ്പെട്ടതും . സമകാലീക പ്രതീക്ഷകൾക്കെല്ലാം വിരുദ്ധമായി ഒരു പുൽത്തൊട്ടിയിലാണ് അവിടുത്തെ ജനനം. സർവ്വശക്തനായവൻ തന്റെ സൃഷ്ടിയായ ഹേറോദേസിന്റെ വാളിൽനിന്ന് രക്ഷപ്പെടാൻ അജ്ഞാതദേശത്തേക്ക് പലായനം ചെയ്യേണ്ടിവന്നു. പറവകൾക്ക് ആകാശവും കുറുനരികൾക്ക് മാളങ്ങളും ഉണ്ടായിരുന്നപ്പോൾ മനുഷ്യപുത്രന് തലചായ്ക്കാൻ ഇടം കണ്ടെത്താനായില്ല. സർവ്വവിശുദ്ധിയുടെയും ഉറവിടമായിരുന്നിട്ടും അവനെതിരെ കുറ്റമാരോപണങ്ങൾക്ക് കുറവൊന്നും ഉണ്ടായില്ല. ഒടുവിൽ ഏറ്റവും ഹീനശിക്ഷയായ കുരിശുമരണം ഏറ്റുവാങ്ങേണ്ടിയും വന്നു.

എന്നാൽ വീണ്ടും മാനുഷികപ്രതീക്ഷകൾക്കതീതമായി അവിടുന്ന് ഉയിർത്തെഴുന്നേറ്റു. ഇതേപ്പറ്റി വി. പൗലോസ് എഴുതി: "ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി, എല്ലാനാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു. ഇത് യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകല മുട്ടുകളും മടക്കുന്നതിനും യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനും വേണ്ടിയാണ്" (ഫിലി. 2, 9-11). പീഡാസഹനവും കുരിശുമരണവും ഉത്ഥാനവുമാണ് അവിടുത്തെ രക്ഷകനായി അവതരിപ്പിക്കാൻ പിതാവായ ദൈവം തെരഞ്ഞെടുത്ത മാർഗ്ഗം, ഇത് നമുക്ക് വലിയൊരു തിരിച്ചറിവാകണം. ദൈവനിഷേധത്തെയും ഭൗതികതയേയും താലോലിക്കുന്ന ഇന്നത്തെ ലോകത്തിന് ഇതത്ര രുചിച്ചെന്ന് വരില്ല.

മനുഷ്യരായിരുന്നു രക്ഷാകരപദ്ധതി തയ്യാറാക്കിയിരുന്നതെങ്കിൽ ഇപ്രകാരമൊരു മാർഗ്ഗം തെരഞ്ഞെടുക്കുകയില്ലായിരുന്നു എന്നത് ഏതാണ്ടുറപ്പുള്ള കാര്യമാണ്. ശിഷ്യപ്രമുഖനായ പത്രോസു പോലും കർത്താവിന്റെ ദൗത്യനിർവ്വഹണത്തിന് തടസ്സം നിൽക്കുന്ന കാഴ്ച നാം കാണുന്നു. അപ്പോൾ പത്രോസിനോട് കർത്താവ് പറയുന്ന കാര്യം ശ്രദ്ധേയമാണ്. "സാത്താനേ, എന്റെ മുമ്പിൽ നിന്ന് പോകൂ. നിന്റെചിന്ത ദൈവികമല്ല, മാനുഷികമാണ്"(മർക്കോ. 8, 33).

രക്ഷകനേയും മനുഷ്യരക്ഷയേയും പറ്റിയുള്ള നമ്മുടെ ചിന്തകളും അത്ര വിഭിന്നമല്ല എന്ന തോന്നലാണ് ഉളവാകുന്നത്. നമ്മുടെ ചിന്തകൾ മാനുഷികം മാത്രമല്ല ചിലപ്പോഴെങ്കിലും മൃഗീയമായിപ്പോലും ആകുന്നു. അതുകൊണ്ടാണല്ലോ മതത്തിന്റെയും ദൈവത്തിന്റെയും സാമൂഹ്യനീതിയുടേയും സാധുസംരക്ഷണത്തിന്റെയും പേരിൽ കൊല്ലാനും കൊള്ളിവയ്ക്കാനും ആളുകൾ തയ്യാറാകുന്നത്. ഈ വസ്തുത അംഗീകരിച്ചുകൊണ്ട് നമ്മുടെ ചിന്തകൾ ദൈവികമാക്കാനുള്ള ശ്രമമാണ് നോമ്പും ഉപവാസവും പ്രാർത്ഥനയും പ്രായശ്ചിത്തവും. തന്റെ ദൗത്യം പരസ്യമായി ആരംഭിക്കുന്നതിന് മുമ്പായി യേശു നാൽപതുദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവമാണെങ്കിലും പരിപൂർണ്ണ മനുഷ്യനുമായിരുന്നതിനാൽ മാനുഷികമായ പ്രലോഭനങ്ങളും ചിന്തകളും തന്റെ ദൗത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താൻ ശ്രമിക്കും എന്നവിടുത്തേയ്ക്കറിയാമായിരുന്നു. അതിനെതിരെ തന്റെ മനസ്സിനെയും ശരീരത്തെയും സജ്ജമാക്കുകയായിരുന്നു അവിടുന്ന്.

നാം രക്ഷയുടെ ഫലം അനുഭവിച്ചവരാണെങ്കിലും മനുഷ്യരെന്ന നിലയിൽ അപൂർണ്ണരും നമ്മുടെ പ്രവണതകൾ തെറ്റിലേക്കും പാപത്തിലേക്കും തിരിഞ്ഞിരിക്കുന്നതുമാണ്. ആ സ്ഥിതിയെ അതിജീവിച്ച് ദൈവികമായ രക്ഷാമാർഗ്ഗം പിന്തുടരണമെങ്കിൽ ഒരു കായികാഭ്യാസിയുടെയോ പട്ടാളക്കാരന്റെയോ രീതിയിൽ സ്വന്തം മനസ്സിനേയും ശരീരത്തെയും മെരുക്കിയെടുക്കുക തന്നെ വേണം. നമുക്കിഷ്ടപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുന്നതും നമുക്കിഷ്ടപ്പെടാത്ത പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്യുന്നതും നമ്മുടെ മനസ്സിനെയും ശരീരത്തേയും നിയന്ത്രിക്കാൻ സഹായിക്കുന്നു.

കേവലം ആത്മശരീരനിയന്ത്രണം പാലിച്ചതുകൊണ്ടുമാത്രം രക്ഷ സാധ്യമാകുന്നില്ല. അതൊരു മനോഭാവമായി രൂപപ്പെടണം. വി. പൗലോസ് എഴുതുന്നു: "ആകയാൽ ക്രിസ്തുവിൽ എന്തെങ്കിലും ആശ്വാസമോ സ്നേഹത്തിൽ നിന്നുള്ള സാന്ത്വനമോ, ആത്മാവിലുള്ള കൂട്ടായ്മയോ എന്തെങ്കിലും കാരുണ്യമോ, അനുകമ്പയോ ഉണ്ടെങ്കിൽ നിങ്ങൾ ഒരേ കാര്യങ്ങൾ ചിന്തിച്ചുകൊണ്ട് ഒരേ സ്നേഹത്തിൽ വർത്തിച്ച് ഒരേ ആത്മാവും ഒരേ അഭിപ്രായവും ഉള്ളവരായി എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ. മാത്സ്യരമോ വ്യർത്ഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളേക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താൽപര്യം മാത്രം നോക്കിയാൽ പോരാ, മറിച്ച് മറ്റുള്ളവരുടെ  താൽപര്യവും പരിഗണിക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ" (ഫിലി. 2, 1-5). ഈ മനോഭാവം നമ്മിൽ രൂപപ്പെടുമ്പോൾ രക്ഷാകരകർമ്മം നമ്മിൽ പ്രായോഗികരൂപം പ്രാപിക്കുന്നു. മനസ്സിനെയും ഹൃദയത്തെയും പാകപ്പെടുത്തി എടുക്കുക എന്നു പറഞ്ഞാൽ ഇതു തന്നെയാണർത്ഥമാക്കുന്നത്. വാശിയും വൈരാഗ്യവും പകവും വിദ്വേഷവും ഒന്നും ക്രൈസ്തവമല്ല. ദൈവം സൃഷ്ടിച്ച യഥാർത്ഥ മനുഷ്യന്റേതുമല്ല. പാപപങ്കിലമായ മനുഷ്യപ്രകൃതിയുടെ ഭാഗമാണത്. അതിൽ നിന്ന് മോചനം നേടി, ക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കാനുള്ള മാർഗ്ഗമാണ് നോമ്പും ഉപവാസവും പ്രാർത്ഥനയും തീർത്ഥാടനവുമെല്ലാം.

സ്വയം ശൂന്യവത്ക്കരണത്തിന്റെ ഏറ്റവും ഉദാത്തമായ ഭാവങ്ങളാണ് ധർമ്മദാനവും ആത്മദാനവും. അവയില്ലാതെ ഉപവാസവും മാംസവർജ്ജനവും പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളും പൂർണ്ണമാകുന്നുമില്ല. മനുഷ്യന് ജീവൻ നൽകാൻ വേണ്ടി കർത്താവ് സ്വയം ബലിയായി അർപ്പിച്ചു. ഈ പ്രക്രിയ കാലദേശങ്ങൾക്കതീതമായി തുടരാൻ അവിടുന്ന് അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിൽ ഇന്നും മനുഷ്യന്റെ ഭാഗമായിത്തീരുന്നു. അവിടുന്ന് അരുളിച്ചെയ്തു: "സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്ന് ഭക്ഷിച്ചാൽ എന്നേയ്ക്കും

ജീവിക്കും. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്..... നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് ജീവനുണ്ടായിരിക്കുകയില്ല" (യോഹ. 6, 51-54). ദൈവത്തിനും ദൈവത്തോടുകൂടി ചരിക്കുന്ന മനുഷ്യനും മാത്രമേ ഇത്തരമൊരു ആത്മദാനം സാധ്യമാകുകയുള്ളൂ.

രക്തത്തെ ജീവന്റെ ഇരിപ്പിടമായി മനസ്സിലാക്കുന്ന യഹൂദർക്ക് രക്തം പാനംചെയ്യുക എന്നാൽ ആ രക്തദാതാവിന്റെ ജീവിതശൈലി സ്വന്തമാക്കുക എന്നുകൂടിയാണർത്ഥം. യേശുവിന്റെ ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും ചെയ്യുന്നവർ അവിടുത്തെ ജീവിതശൈലി സ്വന്തമാക്കുന്നവരാകണം. ആ ശൈലിയുടെ അവശ്യഘടകമാണ് ആത്മദാനവും പങ്കുവയ്ക്കലും. അവസാന വിധിയുടെ മാനദണ്ഡം തന്നെ ഇതാണ്. വിധിയാളനായ കർത്താവ് പറയും: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. എന്തെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു.. ഞാൻ നഗ്നനായിരുന്നു നിങ്ങൾ എന്നെ ഉടുപ്പിച്ചു"(മത്താ.25, 34-36), ഹെബ്രായലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷവരുത്തരുത്, അത്തരം ബലികൾ ദൈവത്തിന് പ്രീതികരമാണ്" (ഹെബ്രാ.13, 16). ഇത്തരം പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവമാണ് എന്നാണ് വി. യാക്കോബ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു (യാക്കോ. 2, 14-17).

ഈ നോമ്പുകാലം പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും അനുരഞ്ജനത്തിന്റെയും ആത്മദാനത്തിന്റെയും പങ്കുവയ്ക്കലിന്റെയും അവസരമാകുക മാത്രമല്ല അപ്രകാരമുള്ള ഈ മനോഭാവം നമ്മിൽ വളർത്തിയെടുക്കുവാൻ പര്യാപ്തമാകുകയും ചെയ്യട്ടെ. അത്തരമൊരു മനോഭാവത്തോടുകൂടി ഉയിർപ്പുതിരുനാളിനായി നമുക്കൊരുങ്ങാം. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2007 ജനുവരി മാസം 30-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ ഇടയലേഖനം ഫെബ്രുവരി മാസം 18-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

**Circular No. 03 / 2007**
**Prot. No. 4917 / 2007**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഫെബ്രുവരി മാസം 12-ാം തീയതി ഞാനൊരു വിദേശ യാത്രയ്ക്കായി പുറപ്പെടുകയാണ്. അമേരിക്കൻ ഐക്യനാടുകളിൽ സേവനമനുഷ്ഠിക്കുന്ന നമ്മുടെ രൂപതാംഗങ്ങളായ വൈദികരെയും സമർപ്പിതരെയും സന്ദർശിക്കുകയാണ് ഈ യാത്രയുടെ മുഖ്യലക്ഷ്യം. അതോടൊപ്പം ആ രാജ്യത്തുനിന്ന് നമ്മുടെ സെമിനാരി വിദ്യാർത്ഥികളുടെ പഠനചെലവിലേക്ക് സംഭാവനകൾ നൽകുന്ന ഭാരതീയരും അല്ലാത്തവരുമായ ഉപകാരികളെയും സന്ദർശിക്കുന്നുണ്ട്. അങ്ങു ദൂരെ വസിക്കുന്നവരാണെങ്കിലും നമ്മുടെ രൂപതയെ സ്നേഹിക്കുകയും അതിന്റെ വളർച്ചയിൽ ആഹ്ലാദിക്കുകയും ചെയ്യുന്നവരാണവർ. തങ്ങളുടെ ഇല്ലായ്മയിൽ നിന്ന് മിച്ചം വയ്ക്കുന്ന കൊച്ചു തുകകളാണ് അവർ സംഭാവനയായി തരുന്നത്. നമ്മുടെ ഈ ഉപകാരികളെ നന്ദിയോടെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം.

മാർച്ച് മാസം 6-ാം തീയതി ഞാൻ തിരികെ മാനന്തവാടിയിൽ എത്തും. അതുവരെ രൂപതയുടെ ഉത്തരവാദിത്വം പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മൂലയിൽ ജോർജച്ചനും, അദ്ദേഹത്തോടൊപ്പം ബഹു. തൈക്കുന്നുംപുറം തോമസച്ചനും, ബഹു. കൊച്ചറയ്ക്കൽ

ജോസച്ചനുമായിരിക്കും. എന്റെ അസാന്നിദ്ധ്യത്തിൽ രൂപതയുടെ ഉത്തരവാദിത്വം നോക്കിനടത്തുന്ന അവരുടെ നിർദ്ദേശങ്ങൾ ഏവരും സഹർഷം സ്വീകരിക്കേണ്ടതാണ്.

യാത്രാവേളയിൽ നിങ്ങളുടെ പ്രാർത്ഥനകൾ എന്നോടൊപ്പം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. എന്നോടൊപ്പം കഴിഞ്ഞ മൂന്നു വർഷക്കാലം എന്റെ സെക്രട്ടറിയായി സേവനം ചെയ്ത ബഹു. മഠത്തിപ്പറമ്പിൽ ജോർജച്ചനും പോകുന്നുണ്ട്. അടുത്ത ഏതാനും വർഷത്തേയ്ക്ക് ചിക്കാഗോ സീറോ മലബാർ രൂപതയിൽ സേവനം ചെയ്യാൻ അദ്ദേഹത്തെ നിയോഗിച്ചിരിക്കുകയാണ്. അദ്ദേഹത്തെയും നിങ്ങളുടെ പ്രാത്ഥനകളിൽ ഓർക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ ഫെബ്രുവരി മാസം 11-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 3

***Circular No. 04/2007***
***Prot No 5061/2007***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കഴിഞ്ഞ രണ്ടുവർഷങ്ങളിൽ നാം നിർധനരായ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി സഹായധനം വിതരണം ചെയ്ത വിവരം നിങ്ങൾ ഓർമ്മിക്കുമല്ലോ. ഇത്തവണയും അപ്രകാരം ചെയ്യുന്നുണ്ട്. അത് സാധ്യമാകുന്നത് ഇടവകകളിൽ നിന്ന് നിങ്ങൾ സംഭാവന ചെയ്തതുകൊണ്ടും മറ്റ് പല ഉദാരമതികളും കൈയ്യയച്ച് സഹായിച്ചതുകൊണ്ടുമാണ്. ഈ നല്ല സംരംഭത്തിൽ പങ്കുചേർന്ന എല്ലാവരേയും ഞാൻ നന്ദിപൂർവ്വം അനുസ്മരിക്കുകയും അവരെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

9, 10, 11, 12 ക്ലാസുകളിൽ പഠിക്കുന്ന സമർത്ഥരും എന്നാർ നിർധനരുമായ കുട്ടികൾ ഓരോരുത്തർക്കും 1000 രൂപാ വീതമാണ് നൽകുന്നത്. ഈ ക്ലാസുകളിൽ പഠിക്കുന്ന കഴിഞ്ഞവർഷം സഹായം ലഭിച്ചവർക്കും ഈ വർഷം കിട്ടാവുന്നതാണ്. അർഹിക്കുന്ന അഞ്ചു കുട്ടികളുടെ പേരുകൾ മുൻഗണനാക്രമത്തിൽ ഏപ്രിൽ മുപ്പതാം തീയതിക്കകം Secretary, Educational Aid Fund, Bishop's House, Mananthavady 670 645 എന്ന പേരിൽ ബഹു. വികാരിയച്ചന്മാർ അയച്ചുതരേണ്ടതാണ്. പേരുകൾ അന്യത്ര കൊടുത്തിട്ടുള്ള ഫോറത്തിന്റെ ഫോട്ടോകോപ്പിയിലാണ് തരേണ്ടത്. ഈ ഫോറത്തിൽ ഒരു കുട്ടിയുടെ വിവരങ്ങൾ മാത്രമേ എഴുതാവൂ. ഇടവക വികാരിയച്ചനും ഇടവക കമ്മിറ്റിയും ചേർന്നാണ് കുട്ടികളെ തെരഞ്ഞെടുക്കേണ്ടത്. ഒരിടവകയിൽ നിന്ന് അഞ്ചുപേരിൽ കൂടുതൽ അയയ്ക്കരുത്. പണത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് സഹായം കിട്ടുന്നവരുടെ എണ്ണത്തിൽ കുറവു വന്നെന്നും വരാം.

ഓരോ ഇടവകയിൽ നിന്നും പിരിഞ്ഞുകിട്ടിയ അത്രയും തുക തന്നെ അവിടെ നിന്നുള്ള അപേക്ഷകർക്ക് കിട്ടണമെന്നില്ല. അങ്ങനെ വരുമ്പോൾ ഈ പദ്ധതിയുടെ ഉദ്ദേശ്യം നടക്കുകയില്ലല്ലോ. ഉദാഹരണമായി 5000 രൂപ പിരിച്ചുതന്ന ഇടവകയിലെ നാല് കുട്ടികൾക്ക് അതായത് 4000 രൂപ മാത്രമായിരിക്കാം സഹായമായി കിട്ടുന്നത്. ബാക്കി തുക മറ്റിടവകകളിലെ കുട്ടികൾക്കായിരിക്കും കൊടുക്കുക.

അത്തരത്തിലുള്ള പങ്കുവയ്ക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കിട്ടുന്ന തുക കുട്ടികൾക്ക് പഠനോപകരണങ്ങളും വസ്ത്രവും മറ്റും വാങ്ങാനല്ലാതെ മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കാതിരിക്കാൻ മാതാ പിതാക്കൾ ശ്രദ്ധിക്കുകയും അക്കാര്യം ബഹു. വികാരിയച്ചനും കമ്മി റ്റിക്കാരും ഉറപ്പുവരുത്തുകയും വേണം. പണം മറ്റുകാര്യങ്ങൾക്കായി ചെലവഴിക്കുന്നതായി ചില സ്ഥലങ്ങളിൽ നിന്ന് അറിവുകിട്ടിയിട്ടുണ്ട്. അങ്ങനെ ചെയ്യുന്നവരെ ഈ പദ്ധതിയിൽ ഭാവിയിൽ ഉൾപ്പെടു ത്തുന്നതല്ല.

തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള തുക മുൻവർഷങ്ങളിലേതു പോലെ ഇടവകയുടെ അക്കൗണ്ടിൽ മാറത്തക്കവിധം ചെക്കായി ബഹു. വികാരിയച്ചന്മാരുടെ പേരിൽ അയച്ചുതരുന്നതായിരിക്കും. അക്കൗ ണ്ടിൽ നിക്ഷേപിക്കുന്ന പണത്തിന്റെ കണക്ക് ഈ ഫണ്ടിൽനിന്ന് കിട്ടിയ സംഭാവനയായി ഇടവക കണക്കിൽ എഴുതേണ്ടതും കൊടു ക്കുന്ന ക്രമത്തിൽ ചെലവ് എഴുതേണ്ടതുമാണ്. പണം കിട്ടുന്നവ രിൽ നിന്ന് ഇവിടെനിന്നയച്ചുതരുന്ന ഫോറം പൂരിപ്പിച്ച് ഒപ്പിട്ട് വാങ്ങി അയച്ചുതരേണ്ടതുമാണ്.

നമ്മുടെ രൂപതയിലെ ഒരു കുട്ടിപോലും സാമ്പത്തിക പരാ ധീനതകൊണ്ട് പഠിക്കാതിരിക്കരുത് എന്നാണെന്റെ ആഗ്രഹം. ഈ പദ്ധതികൊണ്ട് അങ്ങനെയുള്ള എല്ലാവരേയും പഠിപ്പിക്കുവാൻ കഴിയും എന്നു ഞാൻ വിചാരിക്കുന്നില്ല. ഇതൊരു മാതൃകമാത്രമാണ്. ഈ മാതൃക പിന്തുടർന്ന് ഓരോ ഇടവകയും കാലക്രമത്തിൽ അതാത് ഇടവകയിലുള്ള എല്ലാ നിർധന കുട്ടികളേയും സഹായിക്കാൻ പ്രാപ്ത രാകണം. ഉദാരമനസ്കരായവർ ഇക്കാര്യത്തിൽ മുന്നോട്ടുവരണം. അങ്ങനെ വന്നാൽ രൂപതാകേന്ദ്രത്തിൽനിന്ന് തുടങ്ങിവച്ച പദ്ധതി ഭാവിയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി പോകുന്നവരെ സഹായിക്കുവാനായി ഉപയോഗപ്പെടുത്താൻ കഴിയും.

ഇതേപോലെതന്നെ സമർത്ഥരും എന്നാൽ നിർധനരുമായ കുട്ടികൾക്ക് രൂപതയിലെ ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ സൗജന്യ വിദ്യാഭ്യാസം കൊടുക്കാനുള്ള പദ്ധതിയും ആവിഷ്ക്കരിക്കണം എന്ന ആഗ്രഹമെനിക്കുണ്ട്. ആ കുട്ടികളെ എല്ലാം സൗജന്യമായി സ്കൂളു കൾ നടത്തുന്നവർ പഠിപ്പിക്കണം എന്നനില വന്നാൽ സ്കൂളുകൾ

മുന്നോട്ട് പോകാൻ പറ്റാതെവരും. അതിനാൽ ആ കുട്ടികൾക്കു വേണ്ടി സ്പോൺസർമാരെ കണ്ടെത്തുകയാണ് നല്ല പോംവഴി. അങ്ങനെ പഠിച്ചുവരുന്ന കുട്ടികൾ സമ്പന്നകുടുംബങ്ങളിൽ നിന്നു വരുന്നവരുമായി മത്സരിക്കാൻ പ്രാപ്തരാകുകയും സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ എത്തുകയും ചെയ്യും. ദൈവത്തിന്റെ അനുഗ്രഹവും നിങ്ങളുടെ അകമഴിഞ്ഞ സഹായ സഹകരണവും ഉണ്ടെങ്കിൽ അതും സാധ്യമാകും എന്നുതന്നെയാണെന്റെ ഉറച്ച വിശ്വാസം. അങ്ങനെ എല്ലാവർക്കും മാന്യമായ വിദ്യാഭ്യാസവും മാന്യമായി ജീവിക്കാനുള്ള സാഹചര്യവും ഉണ്ടാകും. ഇതേപ്പറ്റി വിശദമായി പിന്നീട് നിങ്ങളെ അറിയിക്കുന്നതാണ്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ ആശംസകൾ നേരുന്നു.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതാമെത്രാൻ

---

NB:- ഈ സർക്കുലർ ഏപ്രിൽ 15-ാം തീയതി ഞായറാഴ്ച കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 4

**Circular No. 05 / 2007**
**Prot. No. 5236 / 2007**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ അമേരിക്കൻ ഐക്യനാടുകളിൽ സേവനം ചെയ്യുന്ന നമ്മുടെ രൂപതക്കാരായ വൈദികരേയും സന്യസ്തരേയും നമ്മുടെ രൂപതയെ പലവിധത്തിൽ സഹായിക്കുന്ന നമ്മുടെ രൂപതക്കാരും അല്ലാത്തവരുമായ അത്മായ സഹോദരങ്ങളേയും സന്ദർശിക്കാൻ പോകുന്നതിനുമുമ്പായി ഞാൻ നിങ്ങൾക്കെഴുതിയിരുന്നല്ലോ. നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയാൽ ആ യാത്ര വളരെ സന്തോഷകരമായി പര്യവസാനിച്ചു.

ഈ മെയ് 4-ന് അതേ ഉദ്ദേശത്തോടെ ഞാൻ യൂറോപ്പിന് പുറപ്പെടുകയാണ്. അതോടൊപ്പം വത്തിയ്ക്കാനിലെത്തി പരിശുദ്ധ പിതാവ് ബനഡിക്ട് 16-ാമൻ മാർപ്പാപ്പയേയും സന്ദർശിക്കുന്നുണ്ട്. മെത്രാന്മാരായി നിയമിക്കപ്പെടുന്നവർ നിയമനം കിട്ടി ആദ്യത്തെ അഞ്ചു വർഷത്തിനുള്ളിൽ ഒരു പ്രാവശ്യമെങ്കിലും വത്തിക്കാനിലെത്തി വി. പത്രോസിന്റേയും വി. പൗലോസിന്റേയും ശവകുടീരങ്ങൾ സന്ദർശിച്ച് വണങ്ങണമെന്നും വി. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പയെകണ്ട് ആദരവും കത്തോലിക്കാ കൂട്ടായ്മയും പ്രകടിപ്പിക്കണം എന്നും സഭാനിയമം അനുശാസിക്കുന്നുണ്ട്. നിങ്ങൾക്ക് അറിയാവുന്നതുപോലെ ഞാൻ രൂപതയുടെ ഉത്തരവാദിത്വം ഏറ്റെടുത്തിട്ട് മൂന്നുവർഷം കഴിഞ്ഞിരിക്കുന്നു. ഇനിയും ഈ സന്ദർശനം നീട്ടിവെച്ചാൽ അഞ്ചു വർഷത്തിനുള്ളിൽ നടത്താൻ പറ്റിയെന്ന് വരില്ല.

ജൂൺ ആദ്യവാരത്തിലാണ് ഞാൻ മാർപ്പാപ്പയെ കാണാൻ ഉദ്ദേശിക്കുന്നത്. നിങ്ങളുടെ എല്ലാവരുടെയും പേരിൽ അദ്ദേഹത്തിന് മാനന്തവാടി രൂപതയുടെ ആദരവും സ്നേഹവും കൂട്ടായ്മയും അറിയിക്കുന്നതാണ്. ആഗോള കത്തോലിക്കാ സഭയുടെ തലവനായ റോമാമാർപ്പാപ്പയുമായുള്ള വിശ്വാസ കൂട്ടായ്മയിലൂടെയാണ് നാം

നമ്മുടെ കത്തോലിക്കാ സഭാംഗത്വം കാത്തുപരിപാലിക്കുന്നത്. ഇത്തരത്തിൽ പരിശുദ്ധ പിതാവിനെ പ്രത്യേകമായി നിങ്ങളുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

പരിശുദ്ധ പിതാവിനെ സന്ദർശിക്കുന്നതിന് മുമ്പും അതിനു ശേഷവുമുള്ള സമയത്ത് ഞാൻ ജർമ്മനിയിലായിരിക്കും. അവിടെ നമ്മുടെ രൂപതയിൽ നിന്നുള്ളവരും നമ്മുടെ ഉപകാരികളുമായ വളരെപ്പേരുണ്ട്. അവരെ സന്ദർശിച്ച് അവരുടെ ഇടവകകളിൽ വി. കുർബാനയർപ്പിക്കുകയും അവർ സഹായിക്കുന്ന നമ്മുടെ രൂപതാ സ്ഥാപനങ്ങളെപ്പറ്റി നേരിട്ട് വിശദീകരിക്കുകയും അവരുടെ സഹായത്തിന് നന്ദി പറയുകയും ചെയ്യുക എന്നതാണ് എന്റെ പ്രധാന ദൗത്യം.

തങ്ങളുടെ ക്രൈസ്തവ വിശ്വാസം വളരെ ആഴമായും തീക്ഷ്ണമായും ജീവിക്കുന്നവരാണവർ. അതിന്റെ ഭാഗമായിട്ടാണ് പ്രാർത്ഥനകൊണ്ടും പണം കൊണ്ടും അവർ നമ്മുടെ രൂപതയിലെ വിവിധ സ്ഥാപനങ്ങളേയും പ്രസ്ഥാനങ്ങളേയും സഹായിക്കുന്നത്. വൈദിക വിദ്യാർത്ഥികളുടെ പരിശീലനം, ബാല-വൃദ്ധസദനങ്ങളുടെ നടത്തിപ്പ്, പള്ളി, പള്ളിമുറി, സണ്ടേസ്കൂൾ കെട്ടിടം തുടങ്ങിയവയുടെ നിർമ്മാണം തുടങ്ങിയ കാര്യങ്ങൾക്കെല്ലാം അവർ സഹായം നൽകുന്നു. പണക്കാരായതുകൊണ്ടല്ല അവർക്കങ്ങനെ ചെയ്യാൻ കഴിയുന്നത്. തങ്ങളുടെ ആവശ്യങ്ങൾ പലതും ത്യജിച്ചും ഉപവസിച്ചും, സാധാരണ ജോലിയ്ക്കു പുറമേ മറ്റെന്തെങ്കിലും ചെയ്തും എല്ലാമാണ് അവർ നമുക്ക് തരാൻ പണം സമ്പാദിക്കുന്നത്. നമുക്കവരോട് കൃതജ്ഞതയുള്ളവരായിരിയ്ക്കുകയും അവരെ നമ്മുടെ പ്രാർത്ഥനകളിൽ ഓർക്കുകയും ചെയ്യാം.

ശ്രമിച്ചാൽ നമുക്കും സാധിക്കുന്നകാര്യങ്ങൾ തന്നെയാണിത്. പക്ഷെ അതിനുള്ള ആഴവും പരപ്പുമുള്ള വിശ്വാസം നമുക്കുണ്ടാകണമെന്ന് മാത്രം. മദ്യപാനം വേണ്ടെന്ന് വച്ചാൽത്തന്നെ ലക്ഷങ്ങൾ നമുക്ക് മിച്ചംവയ്ക്കാൻ കഴിയും. ആഘോഷങ്ങളുടെ അളവു കുറച്ചും ഇപ്രകാരം ചെയ്യാം. ഉപവസിച്ചും ഒരുനേരം നോക്കിയും നാം കൊടുക്കാൻ തയ്യാറാകണം. നമുക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങളും

വൈദികരും മറ്റും ഉണ്ടാകാനായി എക്കാലവും വിദേശികൾ തന്നെ കഷ്ടപ്പെടണം എന്ന ചിന്ത നമുക്ക് ഭൂഷണമല്ലല്ലോ. അവരുടെ മുമ്പിൽ രൂപതാ മെത്രാൻ അഭ്യർത്ഥനയുമായി നിൽക്കുന്നത് അത്രശോഭനവും ഭൂഷണമല്ല. പലപ്പോഴായി ഇതുമായി ബന്ധപ്പെട്ട് ഞാൻ നടത്തിയിട്ടുള്ള അഭ്യർത്ഥനമാനിച്ച് കുറേപ്പേരെങ്കിലും തങ്ങളാൽ ആവുന്നത് ചെയ്യാൻ മുമ്പോട്ടു വരുന്നുണ്ട് എന്നത് സന്തോഷകരവും ശുഭോദർക്കവുമാണ്. അവർക്ക് കൂടുതൽ ദൈവാനുഗ്രഹം ഉണ്ടാകുകയും ചെയ്യും.

ജൂലൈ 17-ാം തീയതിയാണ് ഞാൻ വിദേശത്ത് നിന്ന് തിരിച്ചെത്തുന്നത്. അതുവരെയുള്ള എന്റെ അസാന്നിദ്ധ്യത്തിൽ രൂപതയുടെ പൊതുവായ ചുമതല പ്രധാന വികാരിജനറാൾ മൂലയിൽ ബഹു. ജോർജ്ജച്ചനും തങ്ങളുടേതായ തലങ്ങളിൽ സഹവികാരി ജനറാൾമാർക്കുമായിരിക്കും. അവരുടെ നിർദ്ദേശങ്ങൾ എന്റേതെന്നവണ്ണം നിങ്ങൾ സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും അവരോടൊത്ത് സഹകരിക്കുകയും ചെയ്യണം. എന്റെ യാത്രാവേളയിൽ നിങ്ങളുടെ പ്രാർത്ഥനാസഹായം പ്രത്യേകമായ വിധത്തിൽ അഭ്യർത്ഥിക്കുകയാണ്. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാകാര്യാലയത്തിൽനിന്ന് 2007 ഏപ്രിൽ മാസം 20-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ 2007 മേയ് മാസം 13-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

**Circular No. 06 / 2007**
**Prot. No. 5237 / 2007**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഏതൊരു പ്രത്യേക സമൂഹത്തിലും തങ്ങളുടേത് എന്ന തോന്നലുളവാക്കുന്ന ചില അടയാളങ്ങളും പ്രതീകങ്ങളും ഉണ്ടാകും. അങ്ങനെ ഉണ്ടാകുന്നത് ആ സമൂഹത്തിന്റെ കെട്ടുറപ്പിന് നല്ലതാണ് താനും. നമ്മുടെ ദേശീയപതാകയും ഗാനവും മറ്റും ഇത്തരത്തിലുള്ള പ്രതീകങ്ങളാണ്. മാനന്തവാടി രൂപതയ്ക്കും ഇത്തരത്തിലുള്ള ചില പ്രതീകങ്ങൾ ഉണ്ടാകുന്നത് നല്ലതാണ് എന്ന ചിന്തയുടെ ഫലമാണ് ഏതാനുംനാൾ മുമ്പ് നാം സ്വീകരിച്ച രൂപതാ ചിഹ്നം അഥവാ എംബ്ലം. ഇപ്പോഴിതാ ഒരു രൂപതാഗാനം കൂടി ചിട്ടപ്പെടുത്തിയിരിക്കുന്നു. നമ്മുടെ രൂപതയുടെ പ്രത്യേകതകൾ മിക്കതും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഈ ഗാനം രചിച്ചതും ഈണം പകർന്നതും കൽപ്പറ്റ സെന്റ് വിൻസെന്റ് ഇടവകാംഗമായ ശ്രീ. ബാബു ഉരുളിയാനിക്കലാണ്. അദ്ദേഹത്തെ നന്ദിപൂർവ്വം അനുസ്മരിക്കുകയും അനുമോദനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

രൂപതാഗാനം ഇടവകജനങ്ങളെ എത്രയും വേഗം പഠിപ്പിക്കാനും പറ്റുമ്പോഴെല്ലാം അത് ആലപിക്കാനും വേണ്ട ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്മാരും മറ്റു ബന്ധപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇനിമുതൽ ഞായറാഴ്ചകളിൽ വേദപാഠക്ലാസ്സുകൾ കഴിഞ്ഞ് കുട്ടികൾ വീട്ടിലേക്ക് പോകുന്നതിന് മുമ്പായി രൂപതാഗാനം ആലപിക്കേണ്ടതാണ്. അതുപോലെ തന്നെ ഇടവകകൾ, സംഘടനകൾ തുടങ്ങിയവയുടെ സമ്മേളനങ്ങൾക്കവസാനവും ഈ ഗാനം ആലപിക്കണം. ഗാനത്തിന്റെ കാസറ്റുകൾ രൂപതാ ബുക്ക്സ്റ്റാളിൽ ലഭ്യമാണ്.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2007 ഏപ്രിൽ മാസം 20-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

# Vol. 5

**Circular No. 07 / 2007**
**Prot. No. 5357 / 2007**

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കേരളത്തിലെ വിദ്യാഭ്യാസരംഗം വലിയൊരു പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ് എന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. ഇതിൽ തന്നെ എയ്ഡഡ് വിദ്യാലയങ്ങൾ അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. സാമ്പത്തിക പരാധീനതമൂലം മാറിവരുന്നവചുറ്റുപാടുകൾക്കനുസൃതമായി ഈ സ്ഥാപനങ്ങളെ നവീകരിക്കാനും വികസിപ്പിക്കാനും ആധുനികവത്ക്കരിക്കാനും ആവശ്യമായ സാമ്പത്തികഭദ്രത അവയുടെ മാനേജ്മെന്റുകൾക്ക് ഇല്ല എന്നതാണ് ഈ പ്രതിസന്ധിയിലെ മുഖ്യപ്രശ്നം. മാനന്തവാടി രൂപതയിൽ ഇത്തരത്തിലുള്ള അൻപതോളം വിദ്യാലയങ്ങളാണുള്ളത്.

മേൽപ്പറഞ്ഞ സാഹചര്യം സംജാതമാകാൻ പല കാരണങ്ങളുണ്ട്. ഒന്നാമതായി ഇടവകകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന വിദ്യാലയങ്ങൾ രൂപതയുടെ കേന്ദ്രീകൃത ഏജൻസിയായ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലായതോടെ ഇടവകക്കാർക്ക് അവയിലുള്ള താൽപര്യം കുറഞ്ഞു. സ്കൂളുകളിൽ കാലാകാലങ്ങളിൽ അധ്യാപക-അനധ്യാപക ഒഴിവു വരുമ്പോൾ അതിലേയ്ക്ക് ഇടവകക്കാർ നിയമിക്കപ്പെടുന്നില്ല എന്നതാണ് ഈ താൽപര്യക്കുറവിന് ഒരു കാരണം. അതുപോലെതന്നെ ഇടവകയിലെ എല്ലാ കുട്ടികൾക്കും അവിടെ പ്രവേശനം കിട്ടുന്നില്ല എന്നതും താൽപര്യക്കുറവിന് കാരണമാകുന്നു. കോർപ്പറേറ്റ് മാനേജ്മെന്റ് പണംവാങ്ങി നിയമനം നടത്തുന്നു. അതുകൊണ്ട് സ്കൂളിന്റെ എല്ലാ സാമ്പത്തിക ബാധ്യതയും അവർ തന്നെ ഏറ്റെടുക്കട്ടെ എന്ന മനോഭാവവും ഇതിന്റെ പിന്നിലുണ്ട്.

ഇടവകകളുടെ നേതൃത്വത്തിലായിരുന്നപ്പോൾ യുക്തം പോലെ പണം വാങ്ങി നിയമനം നടത്തുന്നു എന്ന പരാതി ശക്തമായപ്പോഴാണ് സ്കൂളുകൾ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലാക്കിയത്. നമ്മുടെ രൂപതയിലെ നൂറ്റി അൻപതിലേറെ ഇടവകകളിൽ അൻപതിൽതാഴെ ഇടവകകളിലാണ് സ്കൂളുകൾ ഉള്ളത്.

അവിടെ മറ്റുള്ള ഇടവകക്കാർക്കും നിയമനം കിട്ടാൻ വേണ്ടി പൊതു പരീക്ഷയും റാങ്കുലിസ്റ്റും മറ്റും ഏർപ്പെടുത്തിയാണ് അധ്യാപക നിയമനം നടത്തിവരുന്നത്. അതേസമയം അനധ്യാപക തസ്തികകളിലേക്ക് സ്കൂൾ സ്ഥിതിചെയ്യുന്ന ഇടവക ക്കാർക്കാണ് നിയമനം കൊടുക്കുന്നത്. ഒരേസമയം ഒന്നിലേറെ തസ്തികകൾ ഉണ്ടായാൽ മാത്രമേ മറ്റു ഇടവകയിൽ നിന്നുള്ളവരെ പരിഗണിക്കുകയുള്ളൂ. ഇടവകയിലെ ബഹു. വികാരിയച്ചനും പള്ളി ക്കമ്മറ്റിയും കൂടിയാണ് ഇപ്രകാരം നിയമനത്തിനുള്ള വ്യക്തിയെ തെരഞ്ഞെടുക്കുന്നത്. അവർ നിർദ്ദേശിക്കുന്നയാളെ കോർപ്പറേറ്റ് മാനേജർ നിയമിക്കുകയാണ് പതിവ്.

ഇടവകക്കാർക്ക് വിദ്യാലയങ്ങളിൽ താൽപര്യം കുറയാനുള്ള മറ്റൊരു കാരണം ഇടവകക്കാരായ കുട്ടികൾ വളരെ കുറച്ചുപേർ മാത്രമേ ഈ വിദ്യാലയങ്ങളിൽ പഠിക്കുന്നുള്ളൂ എന്നതാണ്. മുൻകാലങ്ങളിൽ സ്ഥിതി അങ്ങനെയായിരുന്നില്ല. ഇന്നാകട്ടെ കഴി യുന്നവരെല്ലാം തങ്ങളുടെ മക്കളെ സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂളു കളിലാണ് അയയ്ക്കുന്നത്. തങ്ങളുടെ മക്കൾ അവിടെയില്ലാത്തതു കൊണ്ട് ഇടവകയിലെ മലയാളംമീഡിയം വിദ്യാലയങ്ങളെ സഹായി ക്കാൻ അവർ താൽപര്യം കാണിക്കുന്നില്ല. അതാത് സ്കൂളുകളിലെ അധ്യാപകരുടെ മക്കൾപോലും ഏറിയ പങ്കും ഇപ്രകാരം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് പഠിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

ഇടവകസ്കൂളുകളിൽ പഠിക്കുന്ന കത്തോലിക്കാ കുട്ടികൾ തന്നെ പല ഇടവകകളിൽ നിന്നായിരിക്കും. അതിനാൽ ആ സ്കൂളിന്റെ ആനുകൂല്യം അനുഭവിക്കുന്ന എല്ലാ ഇടവകകളും കൂടി യല്ലേ അതിനെ താങ്ങിനിർത്തേണ്ടത് എന്ന ചോദ്യവും പലരും ഉന്നയി ക്കുന്നു. അത് വളരെ പ്രസക്തവുമാണ്. എന്നാൽ ഇന്നത്തെ നില യിൽ ഒരിടവകയിലെ സ്കൂളിനെ നിലനിർത്താൻ മറ്റിടവകക്കാർ താൽപര്യം കാണിക്കുന്നില്ല എന്നതാണ് വസ്തുത.

നമ്മുടെ രൂപതയിലെ സ്കൂളുകളിലും കോളേജുകളിലും പഠി ക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും മറ്റു മതങ്ങളിലും സമുദായ ങ്ങളിലും പെട്ടവരാണ് എന്ന വസ്തുതയും നാം ശ്രദ്ധിക്കേണ്ടതാണ്.

സമൂഹത്തിലെ ഏറ്റം താഴെത്തട്ടിൽ കിടക്കുന്ന ധാരാളം വിദ്യാർത്ഥികൾ ഇക്കൂട്ടത്തിലുണ്ട്. ഈ സ്ഥിതിവിശേഷവും ഇടവകക്കാരുടെ താൽപര്യക്കുറവിന് കാരണമാകുന്നുണ്ട്. മറ്റു മതസ്ഥരിൽ നിന്ന് കാര്യമായ സാമ്പത്തിക പിൻബലം പ്രതീക്ഷിക്കാനും പറ്റില്ലല്ലോ. ആദിവാസി സമൂഹങ്ങളിൽ നിന്ന് പ്രത്യേകിച്ചും. എങ്കിലും അവരെയും നാം പരിഗണിക്കേണ്ടതുണ്ട്.

ഈ സ്ഥിതിയിൽ വിദ്യാലയങ്ങളുടെ അറ്റകുറ്റപണികൾക്കും നവീകരണത്തിനും പുതിയ കെട്ടിടനിർമ്മാണത്തിനും മറ്റും പണം എവിടെനിന്നു കണ്ടെത്തും എന്നത് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. വിദേശത്തുനിന്ന് വിദ്യാലയങ്ങൾക്ക് പണം കിട്ടുകയില്ല. രൂപതയുടെ സ്ഥിരം ആസ്തികളിൽ നിന്ന് കിട്ടുന്ന വരുമാനം രൂപതാകേന്ദ്രത്തിന്റെ ദൈനംദിന ആവശ്യങ്ങൾക്കുപോലും തികയുകയില്ല എന്ന് കണക്കുകൾ നിരത്തി മുമ്പൊരവസരത്തിൽ ഞാൻ എഴുതിയിരുന്നല്ലോ. അപ്പോൾ പിന്നെ ഇവിടെ തന്നെ സന്മനസ്സുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹായം മാത്രമാണ് ആശ്രയം. സർക്കാരിൽ നിന്ന് കാര്യമായൊന്നും പ്രതീക്ഷിക്കാനില്ല. പ്രതിവർഷം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി സർക്കാർ ചെറിയൊരു തുക ഗ്രാന്റായി നൽകുന്നുണ്ട്. ഈ തുക ആവശ്യമുള്ളതിന്റെ വളരെ ചെറിയൊരംശം മാത്രമേ ആകുന്നുള്ളൂ. മാത്രമല്ല അത് കിട്ടാനായി കാലതാമസം ഏറെയെടുക്കുകയും ചെയ്യും.

പ്രതീക്ഷയ്ക്ക് വകയുള്ളത് സ്കൂളുകളിൽ നിയമിതരായിരിക്കുന്ന അധ്യാപക-അനധ്യാപകരിലും അവിടെ പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളിലുമാണ്. മറ്റു പല രൂപതകളിലും ചെയ്യുന്നതുപോലെ അധ്യാപക-അനധ്യാപകരുമായി പലവട്ടം ചർച്ചനടത്തി ഓരോരുത്തർക്കും വ്യക്തിപരമായി ഞാൻ എഴുതുകയും ചെയ്തു. അവർക്കു കിട്ടുന്ന ശമ്പളത്തിന്റെ അഞ്ചുശതമാനം വീതം പത്തു വർഷത്തേയ്ക്ക് നൽകുക എന്നതായിരുന്നു പ്രധാന നിർദ്ദേശം. മറ്റു ചില നിർദ്ദേശങ്ങളും ഉണ്ടായിരുന്നു. എല്ലാവരും ഇതിനോട് സഹകരിക്കാം എന്ന് സമ്മതിച്ചാൽ മാത്രമേ ഇതുമായി ഞാൻ മുന്നോട്ടു പോകുകയുള്ളൂ എന്നും എഴുതിയിരുന്നു. എല്ലാവരും ഇക്കാര്യത്തിൽ

സമ്മതം നൽകിയില്ല എന്നു മാത്രമല്ല ഈ ഉദ്യമത്തിൽ നിന്നും പിന്തിരിയണമെന്നും അല്ലാത്തപക്ഷം പ്രത്യക്ഷസമരപരിപാടികൾ തുടങ്ങുമെന്നും എന്നെ നേരിട്ടുവന്നുകണ്ട് ചില അധ്യാപക സംഘടനകൾ ആവശ്യപ്പെടുകയും ചെയ്തു. ഇക്കാര്യം സംഘടനാ സമ്മേളനങ്ങൾ കൂടി തീരുമാനിച്ച് അവർ മാധ്യമങ്ങളിലൂടെ പുറത്തുവിട്ടത് നിങ്ങൾ വായിച്ചു കാണും. കത്തിൽ പറഞ്ഞതനുസരിച്ച് എല്ലാവരും സമ്മതിക്കാതിരുന്നതുകൊണ്ട് ഞാൻ ആ ഉദ്യമം ഉപേക്ഷിച്ചു. കുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് അധികമൊന്നും കിട്ടാൻ സാധ്യതയില്ല എന്നു നിങ്ങൾക്കറിയാമല്ലോ. പ്രത്യേകിച്ച് നമ്മുടെ സ്കൂളുകളിൽ പഠിക്കുന്നവരിൽ ഏറിയപങ്കും നിർധനരുടെ മക്കളായതുകൊണ്ട് ആവശ്യമുള്ളതിന്റെ ചെറിയൊരംശമേ കിട്ടിയാലും കിട്ടുകയുള്ളൂ.

അറ്റകുറ്റപ്പണികൾക്കും ആധുനികവത്ക്കരണത്തിനും പുറമേ പുനർനിർമ്മാണത്തിനാണ് നമുക്കിന്ന് പണം കൂടുതൽ ആവശ്യമായിട്ടുള്ളത്. നമ്മുടെ പല സ്കൂളുകളും പ്രാദേശികമായി കിട്ടിയിരുന്ന വസ്തുക്കൾകൊണ്ട് കുടിയേറ്റത്തിന്റെ ആദ്യകാലത്ത് നിർമ്മിച്ചവയാണ്. അന്ന് സർക്കാർ ചട്ടങ്ങൾ ഇന്നത്തേതുപോലെ കർശനമല്ലാതിരുന്നതുകൊണ്ട് അവ മതിയായിരുന്നു. ഈ സ്കൂളുകൾ പലതും ഇന്ന് ജീർണ്ണാവസ്ഥയിലാണ്. ഇങ്ങനെയുള്ള കെട്ടിടങ്ങളെല്ലാം 2008 സ്കൂൾ വർഷം തുടങ്ങുമ്പോഴേയ്ക്കും പുതുക്കിപ്പണിതിരിക്കണം എന്ന ഓർഡർ സർക്കാർ ഇറക്കിയിട്ടുണ്ട്. അതിൽ തെറ്റു പറയാനും നമുക്ക് സാധ്യമല്ല. കാരണം സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ കുട്ടികളെ ഇരുത്തുന്നത് ശരിയല്ലല്ലോ. പുതുക്കിപ്പണിയാൻ പറ്റാത്തപക്ഷം അവയെല്ലാം നിർത്തേണ്ടി വന്നേക്കാം.

ഇന്നിപ്പോൾ സർക്കാരും രാഷ്ട്രീയപാർട്ടികളും അവരുടെ വിദ്യാർത്ഥിവിഭാഗങ്ങളും അധ്യാപക സംഘടനകളും പൊതുജനങ്ങൾ പൊതുവേയും ആരോപിക്കുന്നത് സ്വകാര്യമാനേജ്മെന്റുകൾ അധ്യാപക-അനധ്യാപക നിയമനത്തിലൂടെയും വിദ്യാർത്ഥി പ്രവേശനത്തിലൂടെയും ഭീമമായ തുകകൾ സമ്പാദിക്കുന്നു എന്നാണ്. അങ്ങനെയുള്ളവരും ഉണ്ടാകാം. എന്നാൽ നമ്മുടെ രൂപതാവക വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ടിരിക്കുന്നവർ ഏറെപ്പേർ ഒന്നും

കൊടുത്തിട്ടുള്ളവരല്ല. സ്കൂളുകളുടെ സാമ്പത്തിക സ്ഥിതി മോശമായപ്പോൾ 1991 മുതൽ അധ്യാപകരിൽ നിന്ന് പലിശയില്ലാത്ത കടം സ്വീകരിച്ചിരുന്നു. അഞ്ചുവർഷങ്ങൾക്കുശേഷം അവ തിരികെ കൊടുക്കാമെന്ന വ്യവസ്ഥയിലായിരുന്നു കടം വാങ്ങിയിരുന്നത്. ഈ പണം ബാങ്കിൽ നിക്ഷേപിച്ച് അതിന്റെ പലിശകൊണ്ട് സ്കൂളുകളുടെ ആവശ്യം നടത്താം എന്നായിരുന്നു കണക്കുകൂട്ടൽ. എന്നാൽ ഏതാണ്ട് അതേ കാലഘട്ടത്തിൽ ഇന്ത്യയിലാരംഭിച്ച സാമ്പത്തിക ഉദാരവത്ക്കരണത്തിന്റെ ഭാഗമായി ബാങ്ക്പലിശ ഗണ്യമായി ക്കുറഞ്ഞു. തൽഫലമായി കടംവാങ്ങി നിക്ഷേപിച്ച പണം തന്നെ തിരികെയെടുത്ത് ആവശ്യങ്ങൾ നിർവ്വഹിക്കേണ്ടി വന്നു. പ്ലസ് ടു സ്കൂളുകൾ തുടങ്ങിയ കാലത്ത് അവയ്ക്കുള്ള കെട്ടിടങ്ങൾ സമയബന്ധിതമായി പണിതീർക്കേണ്ടിവന്നപ്പോൾ ഇപ്രകാരം വലിയ തുകകൾ പിൻവലിച്ചു പണികൾ നടത്തി. കെട്ടിടങ്ങൾ സമയത്ത് തീർക്കാതിരുന്നെങ്കിൽ അവയുടെ അംഗീകാരം നഷ്ടപ്പെടുമായിരുന്നു. മറ്റു ധനാഗമമാർഗ്ഗങ്ങൾ അന്നില്ലായിരുന്നു എന്നതും വസ്തുതയാണ്.

അഞ്ചുവർഷം കഴിഞ്ഞ് തിരിച്ചുകൊടുക്കേണ്ട തുകയുടെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചു. ആദ്യം തന്നവർക്ക് പിന്നീട് തന്നവരുടെ തുകയെടുത്ത് കൊടുക്കേണ്ടി വന്നു. കാരണം പലിശ വളരെ കുറഞ്ഞിരുന്നു. കടം വാങ്ങൽപദ്ധതിയും പാളം തെറ്റിയതോടെ അതും അവസാനിപ്പിച്ചു. പക്ഷേ, തിരികെ കൊടുക്കാനുള്ളത് കൊടുക്കാതെ പറ്റില്ലല്ലോ. അങ്ങനെ കൊടുത്തു തീർക്കാനുള്ള തുക ഏതാനും കോടികൾ തന്നെയുണ്ട്. അതിന്റെ പകുതിപോലും ബാങ്കിലില്ലതാനും. എങ്കിലും കൊടുക്കും എന്ന ഉറപ്പ് എല്ലാവർക്കും കൊടുത്തിട്ടുണ്ട്. അത് പാലിക്കുകയും ചെയ്യും.

സർക്കാരാകട്ടെ വളരെയധികം നിഷേധാത്മകമായ നിലപാടാണ് എയ്ഡഡ് വിദ്യാലയങ്ങളുടെ നേരെ സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും കൂട്ടായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ (SSA) വഴി ആവശ്യത്തിലേറെ പണവും ഭൗതികസൗകര്യങ്ങളും സർക്കാർ വിദ്യാലയങ്ങൾക്ക് കൊടുക്കുന്നുണ്ട്. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ഇതിന്റെ ഗുണം അൽപം

പോലും കട്ടുന്നില്ല. അവർ വിദ്യാഭ്യാസകച്ചവടത്തിലൂടെ പണമുണ്ടാക്കിയിട്ടുണ്ട് എന്നാണ് സർക്കാരിന്റെ നിലപാടെന്നു തോന്നുന്നു. അതുപോലെ സർക്കാർ പണം സ്വകാര്യസ്ഥാപനങ്ങളുടെ സ്വത്തായി . തീരുന്നത് അനുവദിക്കാനാവില്ല എന്ന നിലപാടുമുണ്ട്.

വിദ്യാഭ്യാസകച്ചവടം നടത്തുന്നവരെ കണ്ടെത്തി ശിക്ഷിക്കുന്നതിനു പകരം എല്ലാവരെയും ശിക്ഷിക്കുന്നതിൽ യുക്തിയുണ്ടെന്ന് തോന്നുന്നില്ല. മാത്രമല്ല കച്ചവടം യഥാർത്ഥത്തിൽ നടത്തുന്നവർ യഥേഷ്ടം അതു നടത്തുകയും ചെയ്യുന്നു; കാരണം കച്ചവടത്തിന്റെ ലാഭവിഹിതം സമയാസമയത്ത് കൃത്യമായി എത്തേണ്ടിടത്ത് എത്തുന്നു. അങ്ങനെ എത്തിക്കാൻ പറ്റാത്തവരെ നിരന്തരം വേട്ടയാടുകയും ചെയ്യുന്നു. സർക്കാരിന്റെ പണം സ്വകാര്യ സ്വത്തായിത്തീരുന്നു എന്ന നിലപാടും ശരിയല്ല. കാരണം ഒരു എയ്ഡഡ് സ്കൂളോ, കോളേജോ മാനേജ്മെന്റിന് ഇഷ്ടംപോലെ അടച്ചുപൂട്ടാനും വിറ്റു കാശാക്കാനും പറ്റില്ല. കർശനമായ സർക്കാർ നിബന്ധനകൾക്ക് വിധേയമായാണ് അവ സ്ഥാപിക്കപ്പെട്ടിരിക്കുന്നതും പ്രവർത്തിക്കുന്നതും. അവ പ്രവർത്തിക്കുന്നതാകട്ടെ പൊതുജനങ്ങളുടെ പ്രയോജനാർത്ഥവും. അതുകൊണ്ടാണല്ലോ നിസ്സാരതുകയാണെങ്കിലും അറ്റകുറ്റപ്പണികൾക്കായി സർക്കാർ ഗ്രാന്റ് നൽകുന്നത്. യു. ജി. സി. കോളേജുകൾക്ക് നൽകുന്ന ഗ്രാന്റും ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.

അധ്യാപകർക്ക് സർക്കാർ ശമ്പളം കൊടുക്കുന്നു. മാനേജ്മെന്റുകൾ പണംവാങ്ങി യാതൊരു ഗുണമേന്മയും നോക്കാതെ നിയമനം നടത്തുന്നു എന്നത് മറ്റൊരു ആരോപണമാണ്. ഓരോ പൗരനും കൊടുക്കുന്ന നികുതിപ്പണമാണ് സർക്കാർ ഖജനാവിലെത്തി ശമ്പളമായി അധ്യാപകരുടെ കൈകളിൽ തിരിച്ചുവരുന്നത്. എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന കുട്ടികളും അവരുടെ മാതാപിതാക്കളും ഇപ്രകാരം നികുതി കൊടുക്കുന്നവരാണ്. അതിനാൽ അവർക്കും ആ പണത്തിൽ നിന്ന് പ്രയോജനം കിട്ടാൻ അവകാശമുണ്ട്. അങ്ങനെ വരുമ്പോൾ സർക്കാർ ശമ്പളം കൊടുക്കുന്നത് ഔദാര്യമല്ല കടമയാണെന്ന് കാണാം. അതുപോലെതന്നെ നിയമനം കിട്ടുന്നവരും

സർക്കാർ നിർദ്ദേശിക്കുന്ന വിദ്യാഭ്യാസയോഗ്യതയും മറ്റു യോഗ്യതകളും ഉള്ളവരാണ്. അല്ലാത്തവരെ നിയമിച്ചാൽ നിയമത്തിന് സർക്കാർ അംഗീകാരം തരുകയില്ലല്ലോ. മാത്രമല്ല സർക്കാർ നിയമനം കിട്ടുന്നവരെല്ലാം മറ്റുള്ളവരേക്കാൾ മെച്ചമാണെന്നും പറയാൻ പറ്റില്ല. സർക്കാർ നിർവ്വഹിക്കേണ്ടതായ വലിയൊരു കടമയിൽ പങ്കുചേരുകയാണ് സ്വകാര്യമാനേജ്മെന്റുകൾ ചെയ്യുന്നത്. കത്തോലിക്കരെ സംബന്ധിച്ച് പറയുമ്പോൾ അവർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി യാതൊരു പ്രതിഫലവും കൂടാതെ അധ്വാനിക്കുന്നവർ അനേകരുണ്ട്. നൂറുകണക്കിന് ഇടവക വികാരിമാരും പള്ളിക്കൈക്കാരന്മാരും കമ്മറ്റിക്കാരും ഉള്ളതുകൊണ്ടാണ് രൂപതയുടെയും മറ്റും സ്കൂളുകൾ സുഗമമായി പ്രവർത്തിക്കുന്നത്. സർക്കാർ സ്കൂളുകളിൽ കാണുന്ന കാലതാമസമൊന്നും സ്വകാര്യ സ്കൂളുകളിൽ കാണാറില്ലല്ലോ. ഇത്രയും അർപ്പണബുദ്ധിയോടെ കാര്യക്ഷമമായും സൗജന്യമായും വിദ്യാഭ്യാസപ്രവർത്തനം നടത്തുന്നവരെ പ്രോത്സാഹിപ്പിക്കുന്ന നടപടിയാണ് എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. കണ്ണുള്ളപ്പോൾ അതിന്റെ വില നാം മനസ്സിലാക്കിയെന്ന് വരില്ല. അതുപോലെ നമ്മുടെ സ്കൂളുകൾ അപ്രത്യക്ഷമാകുമ്പോഴേ നാമവയുടെ വില മനസ്സിലാക്കുകയുള്ളൂ. പക്ഷേ, അപ്പോഴേയ്ക്കും ഏറെ വൈകിക്കഴിഞ്ഞിരിക്കും. കേരളത്തിൽ ഇന്നു നാം കാണുന്ന പുരോഗതിക്ക് ചാലകശക്തിയായി നിലകൊണ്ടിട്ടുള്ളത് ക്രൈസ്തവ വിദ്യാഭ്യാസ പ്രവർത്തനങ്ങളാണ് എന്നത് ഒരു ചരിത്ര സത്യമാണ്. അതു നാം മറന്നുപോകരുത്. അവയുടെ ഫലമനുഭവിച്ചവർ തന്നെ ക്രൈസ്തവ വിദ്യാഭ്യാസ സംഭാവനയെ തമസ്കരിക്കാനും കരിതേച്ചുകാണിക്കാനും ശ്രമിക്കുന്നു എന്നത് ആത്മവഞ്ചനയാണ്.

ഈയടുത്തകാലത്തു വന്ന പത്രവാർത്തകളിൽ നിന്ന് മനസ്സിലാകുന്നത് വിദ്യാഭ്യാസരംഗത്തുനിന്ന് മതത്തേയും ദൈവവിശ്വാസത്തേയും യഥാർത്ഥ ധാർമ്മികതയെയും ഇല്ലായ്മ ചെയ്ത് നിരീശ്വരത്വവും ഏകാധിപത്യവും സ്ഥാപിക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്നാണ്. വിദ്യാഭ്യാസരംഗത്തെ മതസ്വാധീനത്തിൽ നിന്ന്

ശോഷിപ്പിക്കുകയാണ് ലക്ഷ്യമെന്ന് ഭരണത്തിലുള്ളവർ തന്നെ പറഞ്ഞതായി പത്രങ്ങളിൽ വായിച്ചു. ഇവിടെ ഉദ്ദേശിച്ചത് ക്രൈസ്തവ മതസ്വാതന്ത്ര്യമാണ് എന്ന് സന്ദർഭത്തിൽ നിന്ന് വ്യക്തമാണ്. ക്രൈസ്തവ മതസ്വാതന്ത്ര്യം ഇല്ലാതാക്കുക എന്നുപറഞ്ഞാൽ ക്രൈസ്തവ വിശ്വാസവും ധാർമ്മികതയും ക്രൈസ്തവ മതനേതാക്കന്മാർക്ക് വിശ്വാസികളുടെയിടയിലും സമൂഹത്തിലും പൊതുവായും ഉള്ള സ്വാധീനവും ഇല്ലാതാക്കുക എന്നുതന്നെയാണെന്ന് മനസ്സിലാക്കണം. സർക്കാർ അടുത്തകാലത്ത് നിയമിച്ച വിദ്യാഭ്യാസ പരിഷ്കരണ സമിതിയുടേതായി പത്രങ്ങളിൽ വന്ന ചില ശുപാർശകൾ ഇതിനു തെളിവാണ്. സ്കൂളുകളിൽ നിന്ന് പ്രാർത്ഥന ഇല്ലാതാക്കുക, മതപരമായ അടയാളങ്ങൾ എടുത്തു മാറ്റുക, അസംബ്ലി നിരോധിക്കുക എന്നിവയാണ് ആ നിർദ്ദേശങ്ങൾ. ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത നിയമസഭാ സാമാജികർ തങ്ങളുടെ പാർട്ടികൾക്ക് നാണക്കേടുണ്ടാക്കി എന്ന പ്രസ്താവനയും ഇതോടുചേർത്ത് വായിക്കേണ്ടതാണ്.

ദൈവവിശ്വാസവും ക്രിസ്തീയ ധാർമ്മികതയും മൂല്യബോധവും ഉള്ളവരായി കുട്ടികളെ വളർത്താനാണ് കത്തോലിയ്ക്കാ വിദ്യാലയങ്ങൾ ശ്രമിക്കുന്നത്. അങ്ങനെ അവർ വളർന്നുവരുന്നതിൽ അസഹിഷ്ണതയുള്ളവർ ഉണ്ട് എന്നതും വസ്തുതയാണ്. അക്രമവും, അനീതിയും അഴിമതിയും കൊലപാതകവും ഭ്രൂണഹത്യയും മദ്യപാനവും മയക്കുമരുന്നു കച്ചവടവും അശ്ലീല സിനിമാ നിർമ്മാണവും എല്ലാം നടത്താൻ പ്രോത്സാഹിപ്പിക്കുന്നവരുടെ ലക്ഷ്യം തീർച്ചയായും ഇത്തരത്തിലുള്ള ഒരു തലമുറ ഒരുതരത്തിലും വളർന്നു വരാതിരിയ്ക്കുക എന്നതുതന്നെയായിരിക്കും. കാരണം മൂല്യബോധമുള്ളവർ അതിനെയെല്ലാം എതിർക്കും. മദ്യം ഉത്പാദിപ്പിക്കുന്നവർക്ക് അത് ചെലവാകണം എന്നുതന്നെയാണല്ലോ ആഗ്രഹം. അതിന് മദ്യപന്മാർ ഉണ്ടാകണം. എന്നുതന്നെയുമല്ല മദ്യപാനത്തെയും മദ്യഷാപ്പുകളെയും മദ്യനയത്തെയും എതിർക്കുന്നവർ ഇല്ലാതാകുകയും വേണം. ഇതിനുവേണ്ടി തന്നെയാണ് ക്രൈസ്തവ മതനേതാക്കന്മാരെ പ്രത്യേകിച്ച് മെത്രാന്മാരെ നിരന്തരം വിദ്യാഭ്യാസ

ക്കച്ചവടക്കാരായി ചിത്രീകരിക്കുന്നത് എന്നുവേണം കരുതാൻ. കാരണം കുറേ കഴിയുമ്പോൾ വിശ്വാസികൾ അവരിൽ നിന്ന് അകലുകയും അവർ പറയുന്നത് വിശ്വസിക്കാതാകുകയും ചെയ്യും. ഇടയനെ തല്ലിയാൽ ആടുകൾ ചിതറും എന്ന വിശുദ്ധഗ്രന്ഥ വാക്യം ഇവിടെ പ്രസക്തമാണ്. അങ്ങനെ ചിതറുന്ന ആടുകളെ സ്വന്തമാക്കാൻ എളുപ്പമാണ്.

ഇതൊരു മറ്റൊരു പരസ്പര സഹായത്തിന്റേയും പ്രശ്നമാണ്. മദ്യവും മയക്കുമരുന്നും, അശ്ലീലചിത്രവും ഉണ്ടാക്കുന്നവർക്ക് അത് വിൽക്കാൻ സാധിക്കണമെങ്കിൽ അതിന് അനുകൂലമായ നിയമങ്ങൾ ഉണ്ടാകണം. അതിനായി അവ തെരഞ്ഞെടുപ്പ് സമയത്തും അല്ലാതെയും രാഷ്ട്രീയപ്പാർട്ടികൾക്കും അവരുടെ നേതാക്കന്മാർക്കും ഭീമമായ തുകകൾതന്നെ കൈമാറുന്നുവെന്ന് അനുമാനിയ്ക്കണം. കാരണം അവരാണല്ലോ നിയമനിർമ്മാതാക്കളും നിയമപാലന സംവിധാനത്തെ നിയന്ത്രിക്കുന്നവരും. രാഷ്ട്രീയപ്പാർട്ടികൾക്ക് സംഭാവന കൊടുക്കുന്നവർ നിക്ഷിപ്ത താത്പര്യങ്ങൾ ഒന്നുമില്ലാതെ അപ്രകാരം ചെയ്യുന്നു എന്നു വിശ്വസിയ്ക്കുന്നത് മൗഢ്യമായിരിക്കും.

വിവാദത്തിൽപ്പെട്ടിരിക്കുന്ന സ്വാശ്രയകോളേജ് നിയമത്തിൽ ന്യൂനപക്ഷ പദവി കിട്ടാൻ ഓരോ സ്ഥാപനവും ചില മാനദണ്ഡങ്ങൾ പാലിച്ചിരിക്കണമെന്നുണ്ട്. ഈ നിയമത്തിന്റെ 8-ാം വകുപ്പനുസരിച്ച് ഒരു സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനം ന്യൂനപക്ഷപദവിക്കർഹമാകണമെങ്കിൽ മൂന്നുവ്യവസ്ഥകൾ പാലിച്ചിരിക്കണം:

1. സ്ഥാപനം നടത്തുന്ന ന്യൂനപക്ഷസമുദായത്തിന്റെ ജനസംഖ്യ സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയുടെ 50 ശതമാനത്തിൽ താഴെയായിരിക്കണം.
2. സംസ്ഥാനത്ത് ന്യൂനപക്ഷമല്ലാത്ത സമുദായങ്ങൾ നടത്തുന്ന സ്ഥാപനങ്ങളെക്കാൾ എണ്ണത്തിൽ കുറവായിരിക്കണം.
3. സംസ്ഥാനത്തെ എല്ലാ പ്രൊഫഷണൽ കോളേജുകളിലും ന്യൂനപക്ഷ സമുദായ വിദ്യാർത്ഥികളുടെ എണ്ണം ഭൂരിപക്ഷ സമുദായ വിദ്യാർത്ഥികളേക്കാൾ കുറവായിരിക്കണം.

ഇതിൽ രണ്ടാമത്തെയും മൂന്നാമത്തെയും നിബന്ധനയനുസരിച്ച് ഒരൊറ്റ ക്രിസ്ത്യൻ സ്ഥാപനത്തിനും കേരളത്തിൽ ന്യൂനപക്ഷ പദവി കിട്ടുകയില്ല. അതിലും വിചിത്രമായ മറ്റൊരു വകുപ്പും ഈ നിയമത്തിലുണ്ട്. ഒരു സ്ഥാപനത്തിന് ന്യൂനപക്ഷപദവി കിട്ടിക്കഴിഞ്ഞാൽ തുടർന്നുവരുന്ന വർഷം മുതൽ ആ സ്ഥാപനത്തിൽ ആ ന്യൂനപക്ഷസമുദായത്തിലെ വിദ്യാർത്ഥികൾ 50 ശതമാനത്തിൽ കൂടുതൽ ഉണ്ടായിരിക്കണം എന്നതാണത്. ആദ്യം പറഞ്ഞ നിബന്ധനയ്ക്ക് വിരുദ്ധമാണിതെന്ന് ഒറ്റ നോട്ടത്തിൽത്തന്നെ കാണാം. മാത്രമല്ല കുട്ടികൾ എണ്ണം കൂടുകയും കുറയുകയും ചെയ്യുന്നതനുസരിച്ച് സ്ഥാപനത്തിന്റെ ന്യൂനപക്ഷസ്വഭാവവും മാറാം. ചുരുക്കത്തിൽ സ്ഥിരമായി ന്യൂനപക്ഷപദവി ഈ സ്ഥാപനത്തിന് കിട്ടുകയില്ല. അങ്ങനെ വരുമ്പോൾ മുൻപറഞ്ഞ വിദ്യാഭ്യാസ സമിതിയുടേതടക്കമുള്ള ശുപാർശകൾ സർക്കാരിന് ഈ സ്ഥാപനങ്ങളിൽ നടപ്പാക്കാൻ പറ്റും. ന്യൂനപക്ഷപദവിയുള്ള സ്ഥാപനങ്ങൾക്കേ ഭരണഘടനയുടെ പരിരക്ഷയുള്ളൂ എന്നതുകൊണ്ട് ന്യൂനപക്ഷപദവികൊടുക്കാതിരിയ്ക്കാനുള്ള ഒരു മാർഗ്ഗമായി വേണം ഇതിനെ കരുതാൻ. ന്യൂനപക്ഷ പദവി കൊടുക്കുവാനുള്ള അധികാരം പ്രാഥമികമായി സംസ്ഥാനസർക്കാരിൽ നിക്ഷിപ്തമായിരിയ്ക്കുന്നതിനാൽ കാര്യങ്ങൾ എളുപ്പവുമാണ്.

ന്യൂനപക്ഷ പദവിയുടെ നിർവ്വചനം സ്വാശ്രയകോളേജുകൾക്കുള്ള നിയമത്തിലാണെങ്കിലും അതൊരു പൊതുനിർവ്വചനമായതിനാൽ മറ്റെല്ലാ സ്ഥാപനങ്ങൾക്കും, സ്കൂളുകൾക്കും ആശുപത്രികൾക്കും എല്ലാം ബാധകമാകും.

എന്തിനാണ് ഇന്ത്യൻ ഭരണഘടനയിൽ ന്യൂനപക്ഷാവകാശം എഴുതിച്ചേർത്തിരിയ്ക്കുന്നത്? ഭൂരിപക്ഷം എപ്പോഴും ന്യൂനപക്ഷത്തെ ഇല്ലാതാക്കാൻ ശ്രമിയ്ക്കും എന്നത് ഒരു ചരിത്രസത്യമാണ്. ജനാധിപത്യക്രമത്തിൽ ഭരണത്തിൽ വരുന്നതാകട്ടെ എപ്പോഴും ഭൂരിപക്ഷ വിഭാഗത്തിൽപ്പെടുന്നവരും ആയിരിയ്ക്കും. കാരണം ന്യൂനപക്ഷങ്ങളിൽപ്പെടുന്നവർ എല്ലാവരും വോട്ടുചെയ്താലും അവരുടെ സ്ഥാനാർത്ഥിയ്ക്ക് ജയിക്കാൻ ആവശ്യമായ വോട്ടുകിട്ടണമെന്നി

ല്ലല്ലോ. ഭൂരിപക്ഷം ഭരണത്തിൽ വന്നാൽ ന്യൂനപക്ഷത്തെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കും എന്നതിന് വേണ്ട ഉദാഹരണങ്ങൾ നമുക്കുണ്ട്. ന്യൂനപക്ഷങ്ങളെത്തന്നെ ഇല്ലായ്മ ചെയ്യുമ്പോൾ അവരുടെ ഭാഷയും സംസ്കാരവും ഇല്ലാതാകുമല്ലോ. ഇത് മുൻകൂട്ടികണ്ട സത്യസന്ധരും ക്രാന്തദർശികളുമായിരുന്നു നമ്മുടെ രാഷ്ട്രശില്പികൾ പ്രത്യേകമായി എഴുതിച്ചേർത്തതാണ് ന്യൂനപക്ഷവിദ്യാഭ്യാസവകാശങ്ങൾ ഉൾക്കൊള്ളുന്ന ഭരണഘടനയുടെ 30-ാം വകുപ്പ്. ന്യൂനപക്ഷ സമുദായങ്ങൾക്ക് സ്വന്തമായി തെരഞ്ഞെടുപ്പ് മണ്ഡലങ്ങൾകൊടുക്കാമെന്ന വാഗ്ദാനം വേണ്ടെന്ന് വച്ചതിനുള്ള പ്രതിഫലവുമായി ഇതിനെ കണക്കാക്കാം.

ഈ വകുപ്പ് പട്ടികവർഗ്ഗം, പട്ടികജാതി തുടങ്ങിയവർക്കുള്ള സാമ്പത്തിക സംവരണം പോലെയുള്ള ഒന്നല്ല എന്നു നാം ഓർക്കണം. ന്യൂനപക്ഷത്തിൽപ്പെട്ടവരുടേയോ അല്ലാത്തവരുടേയോ വിദ്യാഭ്യാസം ഉറപ്പാക്കാൻ വേണ്ടി മാത്രം ഉള്ളതുമല്ല അത്. അങ്ങനെയായിരുന്നെങ്കിൽ ന്യൂനപക്ഷങ്ങൾ എല്ലാം വിദ്യാസമ്പന്നരും പണക്കാരും ആയിക്കഴിയുമ്പോൾ ഈ വകുപ്പ് എടുത്തുമാറ്റാം. സാമ്പത്തിക സംവരണത്തിന്റെ തത്വം ഇതാണ്.

എന്നാൽ ന്യൂനപക്ഷങ്ങൾക്ക് ഇഷ്ടപ്പെട്ട വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനും ഭരണഘടന സംരക്ഷണം നൽകുന്നത് അവരുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കാനാണ്. സമ്പന്നരായാലും അതിനുള്ള അവകാശമുണ്ടായിരിക്കണമല്ലോ. ഭാഷയെ സംരക്ഷിക്കുക എന്നു പറഞ്ഞാൽ നമുക്കെല്ലാം പെട്ടെന്ന് മനസ്സിലാകും. എന്നാൽ എന്താണ് സംസ്കാരം സംരക്ഷിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? ഒരു മതന്യൂനപക്ഷത്തെ സംബന്ധിച്ചിടത്തോളം അവരുടെ സംസ്കാരമെന്ന് പറയുന്നത് ദൈവവിശ്വാസവും, ധാർമ്മിക മൂല്യങ്ങളും മതാചാരങ്ങളും അനുഷ്ഠാനങ്ങളുമാണ്. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഇതാണ് അവരുടെ സംസ്കാരമെന്ന് പറയുന്നത്.

ഇവയെ സംരക്ഷിക്കാൻ വിദ്യാഭ്യാസസ്ഥാപനങ്ങൾ ആവശ്യമുണ്ടോ? ചെറുപ്പകാലത്തുതന്നെ ദൈവവിശ്വാസവും ധാർമ്മിക മൂല്യ

ങ്ങളും ആചാരനുഷ്ഠാനങ്ങളും മനസ്സിലാക്കാനും ജീവിയ്ക്കാനും അവസരം കിട്ടിയെങ്കിലേ വ്യക്തികളിൽ അവ രൂഢമൂലമാകുകയും അങ്ങനെ അവ സംരക്ഷിക്കപ്പെടുകയും ചെയ്യുകയുള്ളൂ. അതിനേറ്റവും പറ്റിയ സംവിധാനം വിദ്യാഭ്യാസസ്ഥാപനങ്ങൾ തന്നെയാണ് എന്ന് നമ്മുടെ രാഷ്ട്രപിതാക്കന്മാർ തിരിച്ചറിഞ്ഞു.

എങ്ങനെയാണ് വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ ദൈവ വിശ്വാസവും ധാർമ്മിക മൂല്യങ്ങളും, ആചാരാനുഷ്ഠാനങ്ങളും പകർന്നുകൊടുക്കുന്നത്? സ്ഥാപനങ്ങളിൽ നടത്തപ്പെടുന്ന പ്രാർത്ഥനകൾ, പൊതുസ്ഥലങ്ങളിൽ വച്ചിട്ടുള്ള ബൈബിൾ, രൂപങ്ങൾ, ക്രൈസ്തവർക്ക് പ്രാധാന്യമുള്ള ദിവസം കൊടുക്കുന്ന അവധി ഇതെല്ലാം ദൈവവിശ്വാസവും ധാർമ്മിക മൂല്യങ്ങളും ആചാരാനുഷ്ഠാനങ്ങളും കുട്ടികൾക്ക് പകർന്നു നൽകുകയും അതിലൂടെ അവ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഇതൊരു മെഡിക്കൽ കോളേജുപോലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനത്തിലും സാധ്യമാണല്ലോ. ഗർഭച്ഛിദ്രം നടത്താതിരിയ്ക്കുമ്പോൾ തീർച്ചയായും ഒരു മെഡിക്കൽ കോളേജ് ക്രൈസ്തവ സംസ്കാരം സംരക്ഷിക്കുകയാണ് ചെയ്യുന്നത്.

നിർഭാഗ്യവശാൽ ഭരണഘടനയിലെ ന്യൂനപക്ഷാവകാശം ഇത്തരത്തിലുള്ള ഒന്നാണ് എന്നറിഞ്ഞുകൊണ്ടുതന്നെ തെറ്റിദ്ധാരണ പരത്താനാണ് സർക്കാരും അനുബന്ധഘടകങ്ങളും ശ്രമിയ്ക്കുന്നത്. ക്രൈസ്തവർ സാമ്പത്തികമായും വിദ്യാഭ്യാസ പരമായും മറ്റുള്ളവരുടെ മുന്നിലെത്തിയെന്നും അതുകൊണ്ട് അവരുടെ സ്ഥാപനങ്ങൾക്ക് ഇനി ന്യൂനപക്ഷസംരക്ഷണം ആവശ്യമില്ല എന്നതുമാണ് അവരുടെ നിലപാട്. പൊതുജനങ്ങളെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമമാണ് ഇതെന്ന് നാം തിരിച്ചറിയണം.

ഉന്നത വിദ്യാഭ്യാസരംഗത്ത് സാമൂഹികനീതി നടപ്പാക്കാനെന്ന പേരിൽ കൊണ്ടുവന്ന നിയമമനുസരിച്ച് നിർധന വിദ്യാർത്ഥികൾക്കും പ്രവേശനം കിട്ടാനുള്ള സാധ്യത വളരെ വിദൂരമാണ്. കാരണം സർക്കാർ നടത്തുന്ന പ്രവേശനപരീക്ഷ ജയിച്ച് റാങ്ക് ലിസ്റ്റിൽക്കയറിപ്പറ്റുന്നവർക്കു മാത്രമേ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

പ്രവേശനം കിട്ടുകയുള്ളു. ഏതു വിഭാഗത്തിൽപ്പെട്ടവർക്കും ഇത് ബാധകമാണ്. പ്രവേശനപരീക്ഷ പാസ്സാകാൻ കോച്ചിംഗ് ആവശ്യമുണ്ട്. കോച്ചിംഗിന് നല്ല പണം മുടക്കുമുണ്ട്. അത് നിർദ്ധനർക്ക് സാധ്യമല്ലല്ലോ. പിന്നോക്ക വിഭാഗത്തിന് സംവരണം ചെയ്തിരിക്കുന്ന സീറ്റുകൾ പോലും പിന്നോക്കക്കാരിലെ മുന്നോക്കക്കാർക്കേ കിട്ടുകയുള്ളു. സംവരണത്തിന്റെ ഫലമനുഭവിച്ച് സാമ്പത്തികമായും സാമൂഹികമായും മുന്നോക്കക്കാരായവർ ധാരാളമുണ്ട്. അവരുടെ മക്കൾക്കായിരിക്കും ഈ വിഭാഗത്തിലെ സീറ്റുകൾ കിട്ടുന്നത്. കാരണം അവർക്ക് കോച്ചിംഗിനും മറ്റും പണമുണ്ട്.

സ്വാശ്രയനിയമത്തിലേയും ചില കേന്ദ്രസർക്കാർ നിയമത്തിലേയും മറ്റും സംവരണ ശതമാനത്തെ കോടതി സ്റ്റേ ചെയ്തിരിക്കുന്നത് ഈ പശ്ചാത്തലത്തിൽ വേണം നാം മനസ്സിലാക്കാൻ. കാരണം ആ സംവരണത്തിലൂടെ വീണ്ടും കൂടുതൽ സമ്പന്നർക്ക് പ്രവേശനം കിട്ടാനുള്ള സാധ്യതയാണുണ്ടാകുന്നത്. യഥാർത്ഥത്തിലുള്ള സാമൂഹ്യ നീതിബോധം കോടതികളാണ് വച്ചുപുലർത്തുന്നത്. ഇക്കാര്യം സർക്കാരും രാഷ്ട്രീയസംഘടനകളും വോട്ടു നേടാനും കയ്യടിനേടാനുമായി മനഃപൂർവ്വം മറച്ചുവയ്ക്കുന്നു എന്ന തോന്നലാണുണ്ടാകുന്നത്. ഇതോടനുബന്ധിച്ച് മണ്ഡൽ കമ്മീഷന്റേയും നരേന്ദ്രൻ കമ്മീഷന്റേയുമെല്ലാം ശുപാർശകളെ നാം വിലയിരുത്തുന്നത് നല്ലതാണ്. കോടതിതന്നെ നേരിട്ട് പിന്നോക്കക്കാരിലെ മുന്നോക്കക്കാരെ കണ്ടെത്തി അവരെ സംവരണത്തിന് പുറത്താക്കാൻ ശ്രമിച്ചു. പക്ഷെ മാറിമാറി വന്ന സർക്കാരുകൾ സഹകരിയ്ക്കാതിരുന്നതു കൊണ്ട് ആ ശ്രമം വിജയിച്ചില്ല. ഈയടുത്ത കാലത്ത് 27%OBC ക്വോട്ടാ സ്റ്റേചെയ്തതും നരേന്ദ്രൻ കമ്മീഷന്റെ ശുപാർശയുടെ പശ്ചാത്തലത്തിൽ നടത്തിയ നിയമനങ്ങൾക്ക് സമയ പരിധി വച്ചതും എല്ലാം ഇത്തരത്തിലുള്ള ശ്രമങ്ങളാണ്. സംവരണ സമുദായങ്ങളുടെ സാമ്പത്തിക-സാമൂഹിക സ്ഥിതി അറിയാനായി പുതിയൊരു സർവ്വേ നടത്താനുള്ള സർക്കാരിന്റെശ്രമം നല്ല ഉദ്ദേശത്തോടെയാണെങ്കിൽ സ്വാഗതം ചെയ്യപ്പെടേണ്ടതാണ് എന്നും പറയട്ടെ.

യഥാർത്ഥത്തിൽ സാമ്പത്തിക സംവരണമാണ് സർക്കാർ ഏർപ്പെടുത്തേണ്ടത്. അക്കാര്യം സ്വകാര്യസംരംഭകരെ ഏൽപ്പിക്കാതെ

സർക്കാർ സ്ഥാപനങ്ങളിൽത്തന്നെ നടപ്പാക്കണം, പ്രാഥമിക തലത്തിലായാലും ഉന്നതവിദ്യാഭ്യാസ തലത്തിലായാലും പ്രൊഫഷണൽ തലത്തിലായാലും സർക്കാർവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിർധനർക്കു മാത്രമേ പ്രവേശനം കൊടുക്കുകയുള്ളൂ എന്നുറപ്പ് വരുത്താൻ നിയമനിർമ്മാണം നടത്തണം. ഈയടുത്തകാലത്ത് ചില വിദ്യാർത്ഥി സംഘടനകൾ നടത്തിയ പഠനത്തിന്റെ ഫലമനുസരിച്ച് സർക്കാർവക പ്രൊഫഷണൽ സ്ഥാപനങ്ങളിൽ 85% പേർ സമ്പന്ന കുടുംബങ്ങളിൽ നിന്നുള്ളവരാണ്. അതായത് അവർ ഫീസ് കൊടുത്ത് പഠിക്കാൻ കഴിവുള്ളവരാണ്. ഇതൊരു അനീതിയാണെന്ന് പറയാതെ വയ്യ. നികുതിപ്പണമെടുത്ത് സമ്പന്നരുടെ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നത് നീതികരിക്കാനാവുമെന്ന് തോന്നുന്നില്ല.

സ്വാശ്രയ നിയമമനുസരിച്ച് സ്വാശ്രയകോളേജുകളിലും സംവരണമുണ്ട്. ഈ സംവരണംകൊണ്ട് യഥാർത്ഥത്തിൽ നിർധനർക്ക് പ്രയോജനം കിട്ടുന്നില്ല എന്നു നാം കണ്ടു. അതായത് നികുതിപ്പണവും സ്വകാര്യ മാനേജ്മെന്റുകളുടെ പണവും സമ്പന്നരെ പഠിപ്പിയ്ക്കുവാൻ സ്വാശ്രയനിയമവും സംവരണവുമെല്ലാം കളമൊരുക്കുന്നു. അങ്ങനെ സമ്പന്നർ മാത്രം പഠിച്ച് പിന്നേയും സമ്പന്നരാകുന്ന ഒരു സ്ഥിതിവിശേഷം സംജാതമാകുന്നു.

സ്വാശ്രയനിയമത്തെ സംബന്ധിച്ച ചർച്ചാവേളയിൽ 50% കുട്ടികൾക്ക് പൂർണ്ണസൗജന്യം അനുവദിയ്ക്കാമെന്ന് മുസ്ലീംമാനേജ്മെന്റുകളും 25% അനുവദിയ്ക്കാമെന്ന് ക്രിസ്ത്യൻ മാനേജ്മെന്റുകളും പറഞ്ഞതായി വായിയ്ക്കാനിടയായി. എന്നാൽ ഈ നിർദ്ദേശങ്ങൾ സർക്കാർ തള്ളിക്കളയുകയാണുണ്ടായത്. സർക്കാർ ചൂണ്ടിക്കാണിയ്ക്കുന്ന നിർധനരെത്തന്നെ പഠിപ്പിക്കണം എന്ന നിർബന്ധബുദ്ധിയുടെ പിന്നിലെ യുക്തിയും അജ്ഞാതമാണ്. അതിൽ ദുരൂഹതയുണ്ട് എന്നു പറഞ്ഞാൽ കുറ്റം പറയാൻ പറ്റില്ല. അതുപോലെ തന്നെ പ്രവേശനത്തിനുള്ള മാനദണ്ഡമായി എൻട്രൻസ് പരീക്ഷയുടെ കൂടെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ മാർക്കുകൂടി കൂട്ടണം എന്ന സ്വാശ്രയമാനേജ്മെന്റുകളുടെ ആവശ്യവും സർക്കാർ അംഗീകരിച്ചില്ല. ഒരു മുൻ കോടതി വിധി അതിനെ മുടക്കിയിട്ടുണ്ട് എന്ന

താണ് സർക്കാർ വാദം. കോടതിയുടെ വിധികൾക്ക് പുല്ലുവിലപോലും കൽപ്പിക്കാത്തവർ ഈക്കാര്യത്തിൽ കോടതിയെ കൂട്ടുപിടിക്കുന്നത് നല്ല ഉദ്ദേശത്തോടെയായിരിക്കും എന്നു ചിന്തിക്കാൻ വിഷമമാണ്.

പത്തിലേയും പന്ത്രണ്ടിലേയും മാർക്കുകൂട്ടി ചേർത്താൽ ഒരു പക്ഷെ പണം മുടക്കി കോച്ചിംഗിനുപോകാൻ കഴിയാത്ത പാവപ്പെട്ടവരായ മിടുക്കർക്കും പ്രവേശനം കിട്ടിയെന്ന് വരാം. പക്ഷെ അതേ പോലെ തന്നെ എൻട്രൻസിൽ ഉയർന്ന മാർക്കു കിട്ടുന്ന പലർക്കും പ്രവേശനം കിട്ടാതെപോയെന്നും വരാം. അങ്ങനെപോകുന്നവർ കൂടുതലും സമ്പന്നരുടെ മക്കളായിരിക്കുകയും ചെയ്യും.

നന്നായി അദ്ധ്വാനിച്ച് പഠിച്ച് എൻട്രൻസ് പരീക്ഷയിൽ ഉയർന്ന മാർക്കു വാങ്ങുന്നവരെ ബഹുമാനിച്ചുകൊണ്ട് തന്നെ പറയട്ടെ പരീക്ഷയുടെ ചോദ്യപേപ്പറുകൾ പണമുണ്ടെങ്കിൽ സുലഭമായി ചോർത്തിയെടുക്കാവുന്ന സ്ഥിതിയിൽ പണമുള്ളവർക്ക് കഴിവില്ലെങ്കിലും എൻട്രൻസിൽ ഉയർന്ന മാർക്കു നേടാൻ കഴിയും. പത്തിലെയും പന്ത്രണ്ടിലെയും മാർക്കുകൾ പരിഗണിയ്ക്കാൻ പറ്റില്ല എന്നു പറയുമ്പോൾ ആരെയാണ് സർക്കാർ സഹായിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ചോദ്യപേപ്പർ കച്ചവടം നല്ലൊരു ആദായമാർഗ്ഗമാക്കി മാറ്റിയിരിക്കുന്നവരുമുണ്ട് എന്ന് നാം നിത്യേനയെന്നോണം മാധ്യമങ്ങളിൽ നിന്ന് അറിയുന്നുമുണ്ട്.

വിദ്യാഭ്യാസം കച്ചവടവത്ക്കരിക്കപ്പെട്ടിരിക്കുന്നു എന്നാണല്ലോ ഇന്നെവിടെയും മുഴങ്ങിക്കേൾക്കുന്നത്. പക്ഷെ ഇതൊരു പുതിയ പ്രതിഭാസമാണോ? ഗുരുവിന് ശിഷ്യൻ ഗുരുദക്ഷിണ വച്ചിരുന്നില്ലേ. അതിൽ പണവുമുണ്ടായിരുന്നു. ഭാരതം സ്വതന്ത്രയാകുന്നതിന് മുമ്പും പിമ്പും ഇവിടെ സ്കൂളുകളിൽ ഫീസുണ്ടായിരുന്നു, പ്രത്യേകിച്ചും ഇംഗ്ലീഷ് സ്കൂളുകളിൽ. അതുകൊണ്ടാണല്ലോ സമ്പന്നൻമാർക്ക് മാത്രം അന്ന് മക്കളെ ഇംഗ്ലീഷ് പഠിപ്പിയ്ക്കാൻ കഴിഞ്ഞിരുന്നത്. അധ്യാപകർ വിദ്യകൊടുക്കുന്നതിന് പ്രതിഫലമായിട്ടാണല്ലോ ശമ്പളം വാങ്ങുന്നത്. അതിനും പുറമേ ട്യൂഷൻ എന്ന രീതിയിൽ വിദ്യകൊടുത്തും പണം വാങ്ങുന്നുണ്ടല്ലോ. സർക്കാരാകട്ടെ വിദ്യ ഉൾക്കൊ

ളളുന്ന പാഠ്യപുസ്തകം വിറ്റ് നല്ല ലാഭംതന്നെ ഉണ്ടാക്കുന്നുണ്ട്. പല ഗ്രന്ഥകാരന്മാരും തങ്ങളുടെ രചനകൾ കുട്ടികൾക്ക് പഠിക്കാനായി സർക്കാരിനെക്കൊണ്ട് സ്വീകരിപ്പിച്ച് ധാരാളം റോയൽറ്റി പറ്റുന്നുണ്ട്. ഇതും വിദ്യ വിറ്റു തന്നെ കിട്ടുന്നതാണല്ലോ. സർക്കാർ പ്രൊഫഷണൽ കോളേജുകളിൽ ഫീസ് കുറവാണെന്ന് മാത്രമേയുള്ളൂ. ഒട്ടും ഫീസി ല്ലാതിരിക്കുന്നില്ല. അതായത് അത് വിദ്യ വിലകുറച്ച് വില്ക്കുന്നതിന് തുല്യമാണ്. സർക്കാർ ജനങ്ങളിൽ നിന്ന് പിരിയ്ക്കുന്ന നികുതിപ്പണം ഈ സ്ഥാപനങ്ങളിലെ ചെലവിന് എടുക്കുന്നതുകൊണ്ടാണ് അങ്ങനെ സാധിക്കുന്നത്. സർക്കാർ സബ്സിഡി ലഭിയ്ക്കുന്ന റേഷൻ കട ക്കാരും സ്വകാര്യസംരഭകരാണെങ്കിലും വിലകുറച്ച് സാധനം വില്ക്കു ന്നുണ്ടല്ലോ. സർക്കാർ സഹായം കാര്യമായി കിട്ടാത്ത സർക്കാർ വിദ്യാലയങ്ങളിൽ സ്വകാര്യവിദ്യാലയങ്ങളിലേതിൽ നിന്നും ഉയർന്ന ഫീസിടാക്കുന്നുണ്ടെന്നും നാം ഓർക്കണം. ചോദ്യപേപ്പർ ഉണ്ടാക്കി വിറ്റ് പണം ഉണ്ടാക്കുന്ന അധ്യാപകസംഘടനകളും മറ്റ് ഏജൻസി കളും നടത്തുന്നത് കച്ചവടം തന്നെയെന്ന് പറയാമല്ലോ. ചോദ്യപേ പ്പർ ചോർത്തിക്കൊടുത്ത് പണം വാങ്ങുന്നവരും ആ പേപ്പറുകൾ പണം കൊടുത്ത് വാങ്ങുന്നവരും നടത്തുന്നത് വിദ്യാഭ്യാസ കച്ചവടം തന്നെയാണ്. അധ്യാപകനിയമനം, സ്ഥലംമാറ്റം, വിദ്യാലയങ്ങൾക്ക് അനുവാദംകൊടുക്കൽ, സുരക്ഷാ സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങി യവയോടനുബന്ധിച്ചും വലിയ തുകകൾ തന്നെ കൈമാറപ്പെടുന്നു എന്നതും പരസ്യമായ രഹസ്യമാണ്. ഇതും വിദ്യാഭ്യാസ കച്ചവട ത്തിന്റെ ഭാഗമല്ലേ. അപ്പോൾ വിദ്യാഭ്യാസം എവിടെ ആർക്കാണ് സൗജന്യമായി ലഭിക്കുന്നത് എന്നത് വലിയൊരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. എന്തുകൊണ്ട് വിദ്യാഭ്യാസം മാത്രം സൗജന്യ മായി ലഭിക്കണം; ചികിത്സ, യാത്ര ഇവയെല്ലാം സൗജന്യമായി ലഭി യ്ക്കേണ്ടതല്ലേ?

സൗജന്യമായി കിട്ടാൻ അർഹതയുള്ളത് നിർധനർക്ക് മാത്ര മാണ്. അത് സർക്കാർ വിദ്യാലയങ്ങളിലും സ്വകാര്യവിദ്യാലയങ്ങളിലും അവർക്ക് കിട്ടണം. നികുതിപിരിക്കുന്ന സർക്കാരാണ് ഇതിന്റെ ഭാരം വഹിക്കേണ്ടത്. ഇതിന് സ്വകാര്യവ്യക്തികളെയും കൂടെകൂട്ടാം. പക്ഷെ

അതിനുള്ള സംവിധാനങ്ങൾ ചെയ്തുകൊടുക്കണമെന്ന് മാത്രം. നികുതിപ്പണം എല്ലാ സ്ഥാപനങ്ങളിലും ഒരുപോലെ ചെലവഴിയ്ക്കപ്പെടട്ടെ. അപ്പോൾ കച്ചവടം തനിയെ ഇല്ലാതാകും. എന്നിട്ടും കച്ചവടം ചെയ്യുന്നവരെ ശിക്ഷിക്കാൻ സംവിധാനങ്ങളുണ്ടല്ലോ, അവ ഫലപ്രദമായി വിനിയോഗിച്ചാൽ മതി. അതുപോലെ തന്നെ വിദ്യാഭ്യാസരംഗത്തുള്ള കൈക്കൂലിയും ഇല്ലായ്മചെയ്യാൻ ഫലപ്രദമായ നടപടികൾ എടുക്കണം.

ഏതായാലും മാനന്തവാടി രൂപതവക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപക-അനധ്യാപക നിയമനം, വിദ്യാർത്ഥി പ്രവേശനം എന്നിവയുമായി ബന്ധപ്പെട്ട് പണം വാങ്ങുന്നില്ല എന്നുറപ്പുവരുത്തണമെന്ന് ഞാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ തന്നെ ഇടവകകളിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളുടെ ഭരണനിർവ്വഹണത്തിനായി ബഹു. വികാരിയച്ചൻ, കൈക്കാരന്മാർ പള്ളിപ്രതിനിധിയോഗത്തിൽ നിന്ന് പ്രതിനിധിയോഗം തന്നെ തെരഞ്ഞെടുക്കുന്ന മൂന്നുപേർ എന്നിവരുൾക്കൊള്ളുന്ന ഉപസമിതിയെ തെരഞ്ഞെടുക്കണമെന്നും ഇക്കാര്യത്തിലെല്ലാം ഇന്ന് നിലവിലുള്ള വിവാദങ്ങൾ ഉണ്ടാകുന്നതിന് വളരെ മുമ്പേ വ്യക്തമായ നിർദ്ദേശങ്ങൾ ഭാരത മെത്രാൻസമിതി, കേരള മെത്രാൻസമിതി, സീറോ മലബാർ മെത്രാൻ സിനഡ് എന്നിവ നൽകിയിരുന്നു. അതേതുടർന്ന് ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കി അഭിവന്ദ്യ ശ്രേഷ്ഠമെത്രാപ്പോലീത്താ എല്ലാ രൂപതകളിലേയ്ക്കും എഴുതുകയും ചെയ്തിരുന്നു. സ്കൂളിന്റെ വരവുചെലവു കണക്കുകൾ മാസാമാസം മേൽപറഞ്ഞ രീതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയും സമിതി സ്കൂളിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായവ ചെയ്യാൻ വേണ്ട സംവിധാനം ഉണ്ടാക്കുകയും വേണം. സ്കൂളിനുവേണ്ടി ലഭിയ്ക്കുന്ന പണം ബഹു. വികാരിയച്ചന്റേയും കൈക്കാരന്റേയും പേരിൽ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിയ്ക്കുകയും വരവുചെലവു കണക്കുകൾ പള്ളിയുടെ ആണ്ടു തെരട്ടിനൊപ്പം രൂപതാകേന്ദ്രത്തിൽ സമർപ്പിച്ച് അംഗീകാരം നേടുകയും വേണം. ഇപ്രകാരം കണക്കുകൾ കൃത്യവും സുതാര്യവുമാകുമ്പോൾ സ്കൂളിനുവേണ്ടി

കിട്ടുന്ന തുകയെപ്പറ്റിയും ചെലവാകുന്ന തുകയെപ്പറ്റിയുമുള്ള തെറ്റിദ്ധാരണകൾക്ക് സ്ഥാനമുണ്ടാകുകയില്ല. അതോടൊപ്പം തന്നെ സ്കൂളിന് ആവശ്യമായ ധനസമാഹരണത്തിനും ഈ ഉപസമിതി യത്നിക്കണം. ധനസഹായത്തിനായി പ്രാദേശിക ഭരണ സംവിധാനത്തെയോ സംസ്ഥാന സർക്കാരിനെയോ ജനപ്രതിനിധികളെയോ സമീപിയ്ക്കുന്നതും ഉചിതമാണ്. അതുപോലെ സ്കൂളിന്റെ ഉപഭോക്താക്കളായവരെയും. ആരെങ്കിലും പണം മുടക്കാതെ സ്കൂളുകളെ നിലനിർത്താൻ പറ്റുകയില്ലല്ലോ.

നമുക്കേവർക്കും ഒന്നുചേർന്ന് നമ്മുടെ വിദ്യാഭ്യാസമേഖലയെ ശുദ്ധീകരിയ്ക്കാനും മെച്ചപ്പെടുത്താനും പരിശ്രമിയ്ക്കാം. ദൈവത്തിന്റെ കൃപ നിങ്ങളേവരോടും കൂടെയുണ്ടായിരിയ്ക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2007 മെയ് മാസം 20-ാം തീയതി നൽകപ്പെട്ടത്.

+ ജോസ് പൊരുന്നേടം

മാനന്തവാടി രൂപതയുടെ മെത്രാൻ

* *

**Circular No.8/2007**

**Prot. No. 5358/2007**

പ്രിയപ്പെട്ട കുട്ടികളേ,

മദ്ധ്യവേനൽ അവധിയ്ക്കുശേഷം നിങ്ങൾ ഒരിക്കൽക്കൂടി നിങ്ങളുടെ വിദ്യാലയങ്ങളിലേക്ക് മടങ്ങുകയാണല്ലോ. പുതുവർഷത്തിൽ നിങ്ങൾക്കേവർക്കും ധാരാളം ദൈവകൃപ ലഭ്യമാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. രണ്ടുമാസത്തെ ഇടവേളയ്ക്കുശേഷം പുത്തൻ ആവേശത്തോടെയും പുതിയ തീരുമാനങ്ങളോടെയും പുതിയ വർഷത്തിലേയ്ക്ക് പ്രവേശിക്കാൻ നിങ്ങൾക്ക് കഴിയട്ടെ.

കഴിഞ്ഞവർഷം പരാജയങ്ങൾ സംഭവിച്ചവർ അതിൽ ദുഃഖിച്ചിരിക്കാതെ പരാജയം വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്

എന്നോർമ്മിച്ചുകൊണ്ട് മുന്നോട്ടുപോകാൻ പരിശ്രമിക്കണം. വിജയങ്ങൾ കൈവരിച്ചവർ ഇനിയും തങ്ങളുടെ കഴിവുകൾ മുഴുവൻ ഉപയോഗിച്ചിട്ടില്ലെങ്കിൽ കൂടുതൽ ഉന്മേഷത്തോടെയും ഉത്സാഹത്തോടെയും പഠിച്ച് കൂടുതൽ ഉയരങ്ങളിൽ എത്താൻ പരിശ്രമിക്കണം.

വിദ്യാഭ്യാസമെന്നത് അക്ഷരജ്ഞാന സമ്പാദനം മാത്രമല്ല. വ്യക്തികളുടെ സർവ്വതോന്മുഖമായ വളർച്ചയും വികാസവുമാണ് അത് ലക്ഷ്യമാക്കുന്നത്. ഈ വളർച്ചയിൽ ദൈവവിശ്വാസത്തിനുള്ള സ്ഥാനം അതുല്യമാണ്. പ്രയാസങ്ങളിൽ കാലിടറാതെ പിടിച്ചുനിൽക്കാനും തോൽവിയെ ശാന്തതയോടും സമചിത്തതയോടും കൂടി നേരിടാനും ദൈവവിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു. യഥാർത്ഥ ദൈവവിശ്വാസമില്ലാതെ വരുമ്പോഴാണ് നമ്മിൽ സ്വാർത്ഥതയും അക്രമവാസനയും അധാർമ്മികതയും പരസ്പര ബഹുമാനമില്ലായ്മയും എല്ലാം തലപൊക്കുന്നത്. അനീതിയും അക്രമവും അശാന്തിയും നിറഞ്ഞ ലോകത്തിൽ അവയ്ക്കെതിരെ വാക്കുകൾകൊണ്ട് മാത്രം പ്രതികരിച്ചതുകൊണ്ട് പ്രയോജനം കാര്യമായി ഉണ്ടാവുകയില്ല. എന്തിനെതിരേ നാം പ്രതികരിക്കുന്നുവോ ആ പ്രവണതകൾ നമ്മിൽ ഇല്ലാതാകുകയും വേണം. അതല്ലെങ്കിൽ വിപരീത ഫലമായിരിക്കും ഉണ്ടാകുക. ഉദാഹരണമായി തൊഴിലില്ലായ്മയ്ക്കും വിലക്കയറ്റത്തിനും എതിരേ ബന്ദും ഹർത്താലും സമരവും സംഘടിപ്പിക്കുമ്പോൾ നാമോർക്കണം അവ തൊഴിലില്ലായ്മ വർദ്ധിപ്പിക്കാനും വിലക്കയറ്റം ഉണ്ടാക്കാനും മാത്രമേ ഉപകരിക്കൂ.

വിദ്യാർത്ഥികളുടെ പ്രഥമവും പ്രധാനവുമായ ചുമതല പഠിക്കുകയെന്നതാണ്. ബാക്കിയുള്ളതിനെല്ലാം രണ്ടാംസ്ഥാനം മാത്രമേയുള്ളൂ. പഠനത്തിന് വിഘാതമാകുന്നതൊന്നിലും നിങ്ങൾ മുഴുകാതിരുന്നാൽ അതു നിങ്ങൾക്ക് തന്നെയാണ് ഗുണം ചെയ്യുന്നത്. പഠനത്തിന് വിഘാതമാകുന്ന ഏറ്റവും പ്രധാനഘടകം തെറ്റായ രാഷ്ട്രീയ പ്രവർത്തനം തന്നെയാണ്. നല്ല രാഷ്ട്രീയ പ്രവർത്തനം എന്നുപറയുന്നത് ജനാധിപത്യവ്യവസ്ഥയിൽ ആ വ്യവസ്ഥയെപ്പറ്റി ശരിയായ ബോധ്യങ്ങൾ ഉണ്ടാക്കിയെടുക്കുകയും ആ വ്യവസ്ഥിതിയിലെ വിവിധ ഘടകങ്ങളെയും പറ്റി ശരിയായ അറിവുനേടുകയും

രാജ്യത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുകയുമാണ്. എന്നാൽ നിർഭാഗ്യവശാൽ ഇന്ന് രാഷ്ട്രീയ പ്രവർത്തനം പരസ്പരം ചെളി വാരി എറിയുകയും അസത്യമായ ആരോപണങ്ങൾ ഉന്നയിച്ചപോലെ എതിർകക്ഷികളെ കുടുക്കിൽപ്പെടുത്തി ഭരണത്തിൽ നിന്ന് താഴെയിറക്കി അധികാരത്തിലെത്തുകയും അതിന് തടസ്സം നിൽക്കുന്നവരെ ആക്രമിച്ചും ഭീഷണിപ്പെടുത്തിയും കൊന്നും ഇല്ലാതാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് എന്ന് പലരും ധരിച്ചുവശായിരിക്കുന്നു. ഇങ്ങനെയൊക്കെ ചെയ്യാൻ വിദ്യാർത്ഥികളെ മാനസികമായും ശാരീരികമായും സജ്ജമാക്കുകയുമാണ് സ്കൂൾ-കോളേജ് രാഷ്ട്രീയ സംഘടനകളിലൂടെ നടന്നുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള രാഷ്ട്രീയം നമ്മുടെ രാജ്യത്തെ വലിയൊരു ദുരന്തത്തിലായിരിക്കും കൊണ്ടെത്തിക്കുന്നത് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ഇവിടെ മാന്യമായി ജീവിക്കാൻ സാധ്യമല്ല എന്നതുകൊണ്ടാണല്ലോ നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗമെന്നല്ല പ്രാഥമിക വിദ്യാഭ്യാസ രംഗംപോലും ആരോപണങ്ങൾക്ക് വിധേയമാകുന്ന വികസിത രാജ്യങ്ങളിലെ ജോലിയെ ലാക്കാക്കി ക്രമപ്പെടുത്തിയിരിക്കുന്നത്. മാത്രമല്ല സാമൂഹ്യ സമത്വം നടപ്പാക്കണം എന്ന് വാദിപിടിച്ച രാജ്യങ്ങളിലേയ്ക്ക് അധികമാരും പോകുന്നില്ല എന്നതും ശ്രദ്ധേയമാണ്. കാരണം അവിടെയൊന്നും അതു സംഭവിച്ചില്ല എന്നതുമാത്രമല്ല സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ അടിത്തറതന്നെ ഇളക്കി എന്നതാണ് സത്യം.

നല്ല ഭരണകർത്താക്കളാകാൻ വിദ്യാലയങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ ശാഖകൾ സ്ഥാപിക്കുകയോ അവയിൽ വിദ്യാർത്ഥികൾ അംഗങ്ങളായി പ്രവർത്തിക്കുകയോ ചെയ്യേണ്ടയാവശ്യമില്ല എന്നതിന് കഴിഞ്ഞ കാലങ്ങളിൽ ഭരണതലത്തിൽ എത്തിയവരും ഇന്ന് എത്തിക്കൊണ്ടിരിക്കുന്നവരുമടക്കമുള്ള ധാരാളം ഉദാഹരണങ്ങൾ നമുക്കുണ്ട്. ഇതിന് വലതുസംഘടനകളെന്നോ ഇടതു സംഘടനകളെന്നോ വ്യത്യാസമില്ല. രണ്ടു ഭാഗത്തും ഉള്ള ധാരാളം നല്ലഭരണകർത്താക്കൾ വിദ്യാർത്ഥികളായിരിക്കുമ്പോൾ എന്നല്ല അതിനുശേഷവും ഏറെക്കാലത്തേയ്ക്ക് രാഷ്ട്രീയ പ്രവർത്തനം ഒന്നും ഇല്ലാതിരുന്നവരാണ്. നമ്മുടെ പ്രസിഡന്റും പ്രധാനമന്ത്രിയും മുൻപ് ആ സ്ഥാനങ്ങൾ

വഹിച്ചിരുന്ന പലരും ഇപ്രകാരമുള്ളവരാണ്. അതുകൊണ്ട് അവർ ഭരണപാടവം കുറഞ്ഞവരാണ് എന്നുപറയാൻ പറ്റില്ലല്ലോ.

ഭരണം ഒരു തൊഴിലായി കാണാൻ പറ്റാത്തതുകൊണ്ട് സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള തൊഴിലിൽ ഏർപ്പെടുന്ന വർക്ക് ആവശ്യമുള്ളതരത്തിൽ പരിശീലനം കിട്ടേണ്ട കാര്യവുമില്ല. അവരുടെ കീഴിലുള്ള ഭരണയന്ത്രത്തെ നിയന്ത്രിയ്ക്കുകയും നമ്മുടെ ഭരണഘടനയ്ക്ക് വിധേയമായി നയപരമായ തീരുമാനങ്ങൾ എടു ക്കുകയുമാണ് ഭരണാധികാരികളുടെ കടമ. ഇതിനവരെ സഹായി ക്കാൻ വിദഗ്ദരായ ധാരാളം ഉദ്യോഗസ്ഥർ ഉണ്ടുതാനും. നിർഭാഗ്യ വശാൽ ഇവിടേയും രാഷ്ട്രീയ പ്രവർത്തനത്തേയും ഭരണത്തേയും തൊഴിലായും ശമ്പളവും ആനുകൂല്യങ്ങളും കിട്ടുന്ന ജീവനമാർഗ്ഗ മായും ഏറെപ്പേർ കാണുന്നുണ്ട്. അതിന്റെ ഫലമായി അപചയങ്ങളും സംഭവിക്കുന്നു. ശമ്പളംപറ്റി പാർട്ടിപ്രവർത്തനം നടത്തുന്നവരും ഇവി ടെയുണ്ട് എന്നത് നമ്മുടെ രാജ്യത്തിന് അപമാനം തന്നെയാണ്.

ചുരുക്കത്തിൽ വിദ്യാർത്ഥികളായ നിങ്ങൾ നിങ്ങളുടെ കടമ യേയും ഉത്തരവാദിത്വങ്ങളേയും പറ്റി ബോധ്യമുള്ളവരാകുകയും നന്നായി പഠിയ്ക്കുകയും വേണം. നിങ്ങൾക്ക് വേണ്ടി പണം മുടക്കുന്ന നിങ്ങളുടെ മാതാപിതാക്കളോടും ഭൗതിക സാഹചര്യങ്ങൾ ഉണ്ടാ ക്കുന്ന സർക്കാരിനോടും സ്വകാര്യ ഏജൻസികളോടും തങ്ങളുടെ നികുതിപ്പണം കൊണ്ട് അധ്യാപകർക്ക് ശമ്പളം കൊടുക്കാനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും സർക്കാരിനെ സഹായിക്കുന്ന പൊതുജനത്തോടും നിങ്ങൾക്ക് വലിയൊരു ഉത്തരവാദിത്വമുണ്ട്. ഭാവിയുടെ സമൂഹ സൃഷ്ടാക്കളായ നിങ്ങളുടെ നല്ല രൂപീകരണ ത്തിലാണ് ഭാവിയുടെ വാഗ്ദാനവും നിലകൊള്ളുന്നത്. എനിക്കെ ന്തുകിട്ടും എന്നു ചിന്തിക്കാതെ എന്റെ സമൂഹത്തിനും രാജ്യത്തിനും എന്തു സംഭാവന നൽകാൻ എനിക്കു കഴിയും എന്ന് ഓരോരു ത്തരും സ്വയം ചിന്തിക്കണം. അങ്ങനെ ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും കഴിയുന്ന ഒരു വിദ്യാർത്ഥി സമൂഹമായി നിങ്ങൾ മാറട്ടെ എന്നാശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിയ്ക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2007 മെയ് മാസം 20-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ 2007 ജൂൺമാസം 10-ാം തീയതി ഞായറാഴ്ച കുട്ടികളുടെ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 6

***Circular No. 08/2007***
***Prot. No. 5761/2007***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

മാനന്തവാടി രൂപത വിഭജിച്ച് കർണ്ണാടകയിൽ ഷിമോഗ ജില്ല യിൽപ്പെടുന്ന ഭദ്രാവതി കേന്ദ്രീകരിച്ച് ഭദ്രാവതി എന്ന പേരിൽ പുതി യൊരു രൂപത നിലവിൽവന്ന വിവരം ഇതിനകം നിങ്ങളേവരും പത്രദ്വാരാ അറിഞ്ഞുകാണുമല്ലോ. ദിവ്യകാരുണ്യ മിഷണറി സമൂ ഹത്തിൽ (MCBS) പ്പെട്ട അരുമച്ചാടത്ത് ബഹുമാനപ്പെട്ട ജോസഫ് അച്ചനാണ് പുതിയ രൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടിരി ക്കുന്നത്. അഭിവന്ദ്യ പിതാവിനും പുതിയ രൂപതയ്ക്കും മംഗളാശം സകളും ദൈവാനുഗ്രഹവും നേരാം.

1973 ലാണല്ലോ തലശ്ശേരി രൂപത വിഭജിച്ച് മാനന്തവാടി സ്ഥാപിതമായത്. അന്ന് കോഴിക്കോട്, കണ്ണൂർ ജില്ലകളുടെ ഭാഗമാ യിരുന്ന വയനാട്, കർണ്ണാടകത്തിലെ മൈസൂർ, മാണ്ഡ്യ, ഹസ്സൻ, ചിക്മാംഗ്ളൂർ, ഷിമോഗ, തമിഴ്നാട്ടിലെ നീലഗിരി എന്നീ ജില്ലകളാണ് മാനന്തവാടിയിൽ ഉൾപ്പെടുത്തിയത്. മാനന്തവാടി രൂപതയിൽ സേവനം ചെയ്തിരുന്ന വൈദികരിൽ പലർക്കും വയനാട്ടിലെ തണുത്ത കാലാവസ്ഥ അനാരോഗ്യകരമായിത്തോന്നിയതിനാൽ അവരുടെ സൗകര്യത്തെപ്രതി താഴ്ന്ന പ്രദേശങ്ങളായ മണിമൂളി, കൊട്ടിയൂർ പ്രദേശങ്ങളിലെ ഏതാനും ഇടവകകൾ കൂടി പിന്നീട് മാനന്തവാടിയോട് കൂട്ടിച്ചേർക്കപ്പെട്ടു. വിശ്വാസികളുടെയും ഇടവക കളുടേയും സ്ഥാപനങ്ങളുടെയും എണ്ണം താരതമ്യേന കുറവായി രുന്നെങ്കിലും വിസ്തീർണ്ണത്തിൽ വളരെ വലുതായിരുന്നു മാനന്തവാടിരൂപത. രൂപതാകേന്ദ്രത്തിൽ നിന്ന് നാനൂറിലധികം കിലോമീറ്റർ ദൂരമുണ്ട് ഷിമോഗയിലേയ്ക്ക്.

കുടിയേറ്റ സുറിയാനി കത്തോലിക്കരുടെ പിതാവായ അഭി വന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ദീർഘവീക്ഷണവും കഠിനാദ്ധ്വാനവുമാണ് ഇന്നുള്ള മാനന്തവാടി, താമരശ്ശേരി, ബൽത്ത ങ്ങാടി രൂപതകളുടെ വികസനത്തിന്റെ അടിത്തറയായി നിലകൊള്ളു ന്നത്. വിശ്വാസികളുടെ നന്മയ്ക്കായി പലതും കെട്ടിപ്പടുക്കുകയും കാലാകാലങ്ങളിൽ തന്നെ ഏൽപിച്ച രൂപത വിഭജിച്ച് പുതിയ

രൂപതകൾക്ക് ജന്മം കൊടുക്കുവാൻ സദാശ്രദ്ധിച്ചിരുന്ന അഭിവന്ദ്യ പിതാവിനെ നന്ദിയോടും സ്നേഹത്തോടും കൂടി നമുക്കോർക്കാം. ശാരീരികമായി നമ്മിൽ നിന്ന് വേർപിരിഞ്ഞെങ്കിലും ആത്മീയമായി ആ വന്ദ്യപിതാവ് എന്നും നമ്മോടുകൂടിയുണ്ട്.

1973-ൽ മാനന്തവാടി രൂപത നിലവിൽ വന്നപ്പോൾ വൈദികരുടേയും സന്യസ്തരുടേയും എണ്ണത്തിലുള്ള കുറവ്, സാമ്പത്തിക ഞെരുക്കം, രൂപതാകേന്ദ്രത്തിൽ നിന്നുള്ള അകലം തുടങ്ങിയ ഘടകങ്ങൾ കർണ്ണാടക ഭാഗങ്ങളുടെ അജപാലന-വികസന പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിൽ തടസ്സങ്ങളായി നിന്നു. അതിനൊരു പ്രതിവിധിയായിട്ടാണ് മേൽപ്പറഞ്ഞ ഭാഗങ്ങളെ വിവിധ സന്യാസ സമൂഹങ്ങളെ ഏല്പിക്കാം എന്ന ആശയത്തിൽ എത്തിച്ചേർന്നത്. അതിൻപ്രകാരം മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാനും ഇന്ന് ഈ രൂപതയിൽ കാണുന്ന ഒട്ടുമിക്ക വികസനത്തിനും നേതൃത്വം കൊടുത്ത വ്യക്തിയുമായ അഭിവന്ദ്യ ജേക്കബ് തൂങ്കുഴിപ്പിതാവ് ഷിമോഗ ജില്ലയെ 1980-ൽ ദിവ്യകാരുണ്യ മിഷണറി സമൂഹത്തിന് ഏൽപിച്ചുകൊടുത്തു. പിന്നീട് ഹസ്സൻ, മാണ്ഡ്യ, ചിക്ക്മാംഗളൂർ ജില്ലകളെ യഥാക്രമം CMI, MST, നോർബർട്ടൈൻസ് എന്നീ സമൂഹങ്ങളേയും ഏൽപിച്ചു.

ഏൽപിച്ചുകൊടുക്കുന്ന സമയത്ത് ഇഡുവള്ളിയെന്ന ഇടവകയായിരുന്നു ഷിമോഗഭാഗത്തുണ്ടായിരുന്നത്. എന്നാൽ ഇന്ന് ഇടവകകളും മിഷൻ സ്റ്റേഷനുകളുമായി 18 സ്ഥലങ്ങളുണ്ട്. അതുപോലെ ഏഴ് സന്യാസസമൂഹങ്ങളിൽപ്പെട്ട പതിനാറ് കന്യാസ്ത്രീമഠങ്ങളും ഈ പ്രദേശത്തുണ്ട്. വിദ്യാഭ്യാസ രംഗത്തും, ആതുരസേവന രംഗത്തും മറ്റ് സാമൂഹ്യ പ്രവർത്തനരംഗത്തുള്ള ക്രൈസ്തവ സാന്നിദ്ധ്യവും എടുത്തു പറയത്തക്കതാണ്. ഇതെല്ലാം സാധ്യമായത് ദിവ്യകാരുണ്യ മിഷനറി സമൂഹത്തിലെ അംഗങ്ങളുടേയും അവരോടൊപ്പം പ്രവർത്തിച്ച മറ്റ് സമർപ്പിതരുടേയും അത്മായരുടേയും അക്ഷീണ പ്രയത്നം കൊണ്ടാണ്. ഇത്തരുണത്തിൽ ആളും അർത്ഥവും മാത്രമല്ല തങ്ങളുടെ കഴിവുകൾ പൂർണ്ണമായും ഈ മിഷനുവേണ്ടി വ്യയം ചെയ്ത ദിവ്യകാരുണ്യ മിഷണറി സമൂഹാംഗങ്ങളെയും അതിന്റെ അധികാരികളേയും ഷിമോഗയിലെ വിവിധ സന്യാസ

സമൂഹാംഗങ്ങളെയും അത്മായസഹോദരരേയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർക്കുന്നു. അവരുടെ പ്രയത്നങ്ങൾക്ക് പുതിയ രൂപതയിലൂടെ ദൈവം ഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്റെ മുൻഗാമികളായ അഭിവന്ദ്യ തൂങ്കുഴിപ്പിതാവും അഭിവന്ദ്യ എമ്മാനുവേൽ പോത്തനാമുഴി പിതാവും രൂപതസ്ഥാപനത്തിനായി വളരെയധികം ശ്രമങ്ങൾ നടത്തിയെങ്കിലും പലതരത്തിലുള്ള തടസ്സങ്ങൾ മൂലം ആ ശ്രമങ്ങൾ യാഥാർത്ഥ്യമാകാതെ പോകുകയായിരുന്നു. ദൈവാനുഗ്രഹത്താൽ ആ തടസ്സങ്ങളെല്ലാം മാറി ഇന്ന് അവരുടെ ആഗ്രഹം സഫലീകൃതമായിരിക്കുന്നു. നമുക്ക് ദൈവത്തിന് നന്ദി പറയാം.

പ്രസിദ്ധ നദികളായ തുംഗ, ഭദ്ര എന്നിവയുടെ സമീപത്തുള്ള ഒരു കൊച്ചുപട്ടണമാണ് ഭദ്രാവതി. പുതിയ രൂപതയുടെ ആസ്ഥാനം അവിടെയായിരിക്കും. എങ്കിലും ഭദ്രാസനപ്പള്ളിയായി തത്ക്കാലം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് ഇഡുവള്ളി വി. അന്തോനീസിന്റെ നാമധേയത്തിലുള്ള ദേവാലയമാണ്. അനുയോജ്യമായ ഒരു ദേവാലയം ഭദ്രാവതിയിൽ നിർമ്മിക്കുന്നതുവരെ മാത്രമായിരിക്കും ഈ ക്രമീകരണം.

ഇടുക്കി രൂപതയിൽപ്പെട്ട ഇരട്ടയാർ ഇടവകക്കാരനാണ് അഭിവന്ദ്യ അരുമച്ചാടത്ത് പിതാവ്. ദിവ്യകാരുണ്യമിഷണറി സമൂഹത്തിന്റെ സെന്റ് തോമസ് പ്രാവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ എന്ന നിലയിലും മറ്റും സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം മെത്രാനായി നിയമിക്കപ്പെടുമ്പോൾ താമരശ്ശേരി സനാതന സെമിനാരിയുടെ വൈസ് റെക്ടറായി സേവനമനുഷ്ഠിച്ചു വരുകയായിരുന്നു. പ്രസിദ്ധമായ ലുവെയിൻ സർവ്വകലാശാലയിൽ നിന്ന് സഭാവിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യവും അതേസമയം ലളിതമായ ജീവിതശൈലിയും ആഴത്തിലുള്ള ദൈവവിശ്വാസവും സഭാസമൂഹത്തോടുള്ള സ്നേഹവും അദ്ദേഹത്തിന്റെ അജപാലനപ്രവർത്തനങ്ങളിൽ എന്നും അദ്ദേഹത്തിന് താങ്ങും തണലുമായിരിക്കും.

മെത്രാഭിഷേകച്ചടങ്ങുകളും രൂപതയുടെ ഉദ്ഘാടനവും

ഒക്ടോബർമാസം 25-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് ഷിമോഗയിൽവെച്ച് നടക്കും. ഈ ചടങ്ങിലേക്ക് നിങ്ങളെ ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. അതോടൊപ്പം നിങ്ങളുടെ പ്രാർത്ഥനകളും ഭൗതികപിൻബലവും പുതിയ രൂപതയോടും അതിന്റെ ഇടയനോടുമൊപ്പം ഉണ്ടാകണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഭദ്രാവതി രൂപതയേയും അതിന്റെ പ്രഥമ ഇടയനായ അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിനേയും ഇടയന്മാരുടെ നാഥനായ നമ്മുടെ കർത്താവ് ധാരാളമായി അനുഗ്രഹിക്കട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപത കാര്യാലയത്തിൽ നിന്ന് 2007 സെപ്തംബർ മാസം 10-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ 2007 ഒക്ടോബർ 14-ാം തീയതി കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# Vol. 7

*Circular No. 09 / 2007*
*Prot No. 6070 / 2007*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരെ,

നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ ജനനത്തിരുന്നാളിന് ഒരുക്കമായുള്ള ഇരുപത്തഞ്ചു നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവാനുഗ്രഹം നിറഞ്ഞതും ഫലദായകവുമായ ഒരു നോമ്പുകാലം നിങ്ങൾക്കേവർക്കും ഞാൻ ആശംസിക്കുന്നു. അതോടൊപ്പം നോമ്പാചരണത്തെപ്പറ്റിയും ക്രിസ്തുമസ് ആഘോഷത്തെപ്പറ്റിയും ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുകയും ചെയ്യട്ടെ.

ലോകമെമ്പാടും ക്രൈസ്തവരോടൊപ്പം മറ്റുള്ളവരും ആഘോഷിക്കുന്ന ഒരു സാമൂഹ്യോത്സവമായി ഇന്ന് ക്രിസ്തുമസ് മാറിയിരിക്കുന്നു. ദൈവത്തിന് മനുഷ്യരോടുള്ള അഗാധസ്നേഹത്തിന്റെ അടയാളമായ മനുഷ്യാവതാരം, സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സമാധാനത്തിന്റെയും പരസ്പരമുള്ള കരുതലിന്റെയും പ്രതീകമായ ക്രിസ്തുമസ് ഇപ്രകാരം ആഘോഷിക്കപ്പെടുന്നത് തികച്ചും ഉചിതം തന്നെയാണ്.

എന്നാൽ കത്തോലിക്കരെ സംബന്ധിച്ച് ക്രിസ്തുമസ്സ് കേവലമൊരു സമൂഹ്യോത്സവമല്ല. അതിന് ആഴമായ ഒരു ആദ്ധ്യാത്മികമാനം കൂടിയുണ്ട്. ദൈവം വിഭാവനം ചെയ്ത രക്ഷാകര പദ്ധതിയിലെ ഒരു പ്രധാനഘട്ടമാണ് മനുഷ്യാവതാരം. ആഗമന കാലത്തും തുടർന്നും നാം അനുസ്മരിക്കുന്നതും ജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നതും ഈ മനുഷ്യാവതാരപ്രക്രിയയിലൂടെ കർത്താവ് നമുക്ക് തന്ന മാതൃകയാണ്. സഭയുടെ ആരാധനാക്രമ വർഷം ഈശോയുടെ ജീവിതത്തിലെ സംഭവങ്ങളെ ആസ്പദമാക്കി പല കാലങ്ങളായി തിരിച്ചിരിക്കുന്നു. അതിലെ പ്രഥമ കാലമാണ് ആഗമനകാലം അഥവാ നാമാചരിക്കുന്ന ഇരുപത്തഞ്ച് നോമ്പു കാലം.

ആഗമനകാലത്തിലെ പ്രാർത്ഥനകളും വേദപുസ്തകവായനകളും മനുഷ്യാവതാരമെന്ന മഹാരഹസ്യത്തെ പരാമർശിക്കുന്നതും അതിന്റെ ചൈതന്യമുൾക്കൊണ്ട് ജീവിക്കാനുള്ള നമ്മുടെ ഉത്തര

വാദിത്വത്തെ പ്രസ്പഷ്ടമാക്കുന്നവയുമാണ്. അതിനായി നമ്മെ ഒരുക്കുന്ന പ്രക്രിയയാണ് നോമ്പ്. നാം ചെയ്തിട്ടുള്ള പാപങ്ങളെക്കുറിച്ചും മറ്റ് സകല തിന്മകളെക്കുറിച്ചും പശ്ചാത്തപിച്ച് അവയ്ക്ക് പരിഹാരം ചെയ്ത് ഈശോയുടെ പ്രബോധനമനുസരിച്ചുള്ള ദൈവവിശ്വാസത്തോടും പരിശുദ്ധമായ മനഃസാക്ഷിയോടും കൂടി വേണം ക്രിസ്തുമസ് ആഘോഷിക്കാൻ. ദൈവവും മറ്റു മനുഷ്യരുമായുള്ള രമ്യപ്പെടലും ഈ ഒരുക്കത്തിന്റെ അവിഭാജ്യഘടകമാണ്. അങ്ങനെ ഒരുങ്ങി ആഘോഷിക്കുന്നവർക്കാണ് ക്രിസ്തുമസ്സ് സന്തോഷത്തിന്റെയും സമാധാനത്തിന്റെയും അനുഭവമാകുന്നത്.

രക്ഷാകരപദ്ധതിയും മനുഷ്യാവതാരവുമെല്ലാം ദൈവവിശ്വാസമുള്ളവർക്ക് മാത്രം ഗ്രഹിക്കാൻ പറ്റുന്ന കാര്യങ്ങളാണ്. അല്ലാത്തവർക്കത് അന്ധവിശ്വാസവും അർത്ഥശൂന്യവുമായിത്തോന്നാം. ദൈവത്തിലുള്ള അഗാധവിശ്വാസവും ദൈവാശ്രയബോധവും ഉണ്ടായിരുന്നതുകൊണ്ടാണ് പരിശുദ്ധ കന്യാമറിയത്തിന് മനസ്സിലാക്കാൻ പ്രയാസമേറിയതും വേദനാജനകവുമായ ദൈവമാതൃത്വം ഏറ്റെടുക്കാൻ ധൈര്യം ലഭിച്ചത്. തന്റെ സുരക്ഷയൊന്നും പരിഗണിക്കാതെ ദൈവത്തിന്റെ ഇഷ്ടത്തിന് വിധേയയാകാൻ പരിശുദ്ധ അമ്മ സമ്മതം മൂളിയതുകൊണ്ടാണ് രക്ഷണീയകർമ്മം പൂർത്തിയായത്. ഈ മാതൃക പിൻചെല്ലുന്നവർക്ക് മാത്രമാണ് ലോകത്തിന് ഈശോയെ പ്രദാനം ചെയ്യുവാൻ കഴിയുന്നത്.

പരിശുദ്ധ കന്യാമറിയത്തിന്റെ മാതൃക പിഞ്ചെല്ലുക അസാധ്യമെന്ന് തോന്നിയേക്കാം. ഈശോ വെളിപ്പെടുത്തിയ ത്രിയേക ദൈവത്തിലുള്ള വിശ്വാസവും അവിടുത്തെ ധാർമ്മികപ്രബോധനത്തിലുള്ള ബോധ്യവും ഉള്ളവർക്ക് അത് സാധ്യം തന്നെയാണ്. അങ്ങനെയുള്ളവർക്ക് മാത്രമേ മനുഷ്യാവതാര രഹസ്യം മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. "ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കയാണ്" എന്നു പറഞ്ഞ ജ്ഞാനികളുടെ വാക്കുകൾ കേട്ട് ഹേറോദേസ് രാജാവ് "അസ്വസ്ഥനായി" (മത്താ.2,3). മാത്രമല്ല, ശിശുവിനെ കണ്ടെത്തി വിവരം അറിയിക്കുവാനായി അവരെത്തന്നെ നിയോഗിക്കുകയും ചെയ്യുന്നു (മത്താ. 2,7-8). അത് തനിക്കും പോയി ആരാധിക്കാനായിരുന്നില്ല, പ്രത്യുത

തന്റെ അധികാരത്തിന് ഇളക്കം തട്ടുമെന്ന ഭയത്താൽ ശിശുവിനെ നശിപ്പിക്കാനായിരുന്നു. ഈശോയേയും അവിടുത്തെ പ്രബോധനത്തെയും ഭയപ്പെടുകയും നശിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ ചരിത്രത്തിൽ എന്നും ഉണ്ടായിട്ടുണ്ട്.

ലോകത്തിന്റെ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി മനുഷ്യജീവിതത്തെ വീക്ഷിക്കുന്നവർക്ക് മിശിഹാരഹസ്യം ഒരിക്കലും ഉൾക്കൊള്ളുവാൻ സാധ്യമല്ല. ഈശോയുടെ ശിഷ്യന്മാർക്കു പോലും ഈ അനുഭവമുണ്ടായി. ഈശോ വധിക്കപ്പെടുമെന്ന് കേട്ട ശിഷ്യന്മാർ "അതീവ ദുഃഖിതരായിത്തീർന്നു" (മത്താ. 17,23) എന്ന് വി. മത്തായി ശ്ലീഹായും "ആ വചനം അവർക്കു മനസ്സിലായില്ല" (മർക്കോ. 9,32) എന്ന് വി. മർക്കോസും "അവർക്കു മനസ്സിലാക്കാൻ സാധിക്കാത്തവിധം അത് അത്ര നിഗൂഢമായിരുന്നു" (ലൂക്ക. 9,45) എന്ന് വി. ലൂക്കായും രേഖപ്പെടുത്തിയിരിക്കുന്നു. മൂന്നുവർഷം ഒരുമിച്ചു ജീവിച്ചിട്ടും തങ്ങളുടെ ഗുരുവിനെ തിരിച്ചറിയാൻ കഴിയാത്തവിധം അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു" (ലൂക്ക. 24,16).

രക്ഷാകരപദ്ധതിയുടെ ഉള്ളടക്കവും അർത്ഥവും ലക്ഷ്യങ്ങളും മനസ്സിലാക്കാനും ഈശോയെ തിരിച്ചറിയാനും ശിഷ്യന്മാർക്ക് കഴിഞ്ഞത് പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവ് അവരിൽ ആവസിച്ചപ്പോഴാണ്. അത് കേവലമൊരു തിരിച്ചറിവ് മാത്രമല്ല പ്രദാനം ചെയ്തത് പ്രത്യുത ഈശോയിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുവാനും അത് ജീവിതത്തിൽ പ്രായോഗികമാക്കുവാനും ആവശ്യമായ ശക്തിയും ധൈര്യവും അവർക്ക് ലഭിക്കുകയും ചെയ്തു. ഈ നോമ്പുകാലത്ത് നമ്മിൽ സംഭവിക്കേണ്ടതും ഇതു തന്നെയാണ്. ക്രൈസ്തവവിശ്വാസത്തിനെതിരായി എന്തെങ്കിലും നമ്മിൽ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അവയിൽ നിന്ന് മോചിതരായി പരിശുദ്ധാത്മാവിനെക്കൊണ്ട് നിറഞ്ഞ് കർത്താവിനെ വഹിക്കുന്നവരാകാൻ ഈ നോമ്പുകാലം നമ്മെ പ്രാപ്തരാക്കട്ടെ.

ഈശോയുടെ ജനനത്തെ അറിയിച്ചുകൊണ്ട് ദൈവദൂതന്മാർ പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം" (ലൂക്ക 2,14). ക്രിസ്തുമസ്സ് സമാധാനത്തിന്റെ സന്ദേശമാണ് നൽകുന്നത്. ഈ സമാധാനം ലോകത്തിന്

പ്രദാനം ചെയ്യുന്നവരായി ക്രൈസ്തവർ രൂപാന്തരപ്പെടണം. എന്നാൽ അതിനുള്ള വ്യവസ്ഥയായി സുവിശേഷം പറയുന്നത് നാം ദൈവകൃപ ലഭിച്ചവരാകണം എന്നതാണ്. ദൈവകൃപ ലഭ്യമാകണ മെങ്കിൽ ദൈവത്തിന്റെ അസ്തിത്വം ഏറ്റുപറയുകയും അവിടുത്തെ കൃപയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യണം. ഈ ദൈവവിശ്വാസം ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഈശോയിലുള്ള വിശ്വാ സവും അവിടുത്തെ പ്രബോധനങ്ങളിലുള്ള ബോധ്യവുമാണ്. ഇന്ന് ലോകത്തിൽ നാം ദർശിക്കുന്ന അശാന്തിയുടെയും അസമാധാന ത്തിന്റെയും അടിസ്ഥാന കാരണം ദൈവവിശ്വാസമില്ലായ്മയും തത്ഫലമായുണ്ടാകുന്ന ധാർമ്മികാധഃപതനവുമാണ്. ദൈവമില്ലെ ങ്കിൽപ്പിന്നെ എനിക്കെന്തുമാകാം എന്ന നിഗമനത്തിലേക്ക് മനുഷ്യൻ എത്തുന്നു.

ഈശോയുടെ പ്രബോധനത്തിന്റെ കാതൽ സ്നേഹത്തിന്റെ കൽപനയാണ്. “നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയ ത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും കൂടി സ്നേഹി ക്കുക... നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക” (മത്താ. 22, 38-40). ദൈവം നമ്മുടെയെല്ലാം പിതാവാണെന്നും നാമെല്ലാം സഹോദരീസഹോദരന്മാരാണെന്നുമാണ് ഈശോയുടെ പ്രബോധനം. ഇതനുസരിച്ച് മനുഷ്യകുലം ഒരു കുടുംബമാണ്. അത ല്ലാതെ പരസ്പരം യുദ്ധം ചെയ്ത് കൊന്നൊടുക്കുന്ന വർഗ്ഗവൈരി കളല്ല, വർഗ്ഗസമരവും സായുധവിപ്ലവവും ക്രൈസ്തവ പ്രബോധ നത്തിന് അന്യമാണ്. ക്രൈസ്തവർ അങ്ങനെയുള്ള വിശ്വാസം വച്ചു പുലർത്തുന്നത് വിരോധാഭാസമായിരിക്കും. വർഗ്ഗസമരത്തിലൂടെയും സായുധവിപ്ലവത്തിലൂടെയും സമാധാനം സ്ഥാപിക്കാനുള്ള ശ്രമങ്ങ ളുടെ ഫലം കൂടുതൽ സമരവും കൂടുതൽ വിപ്ലവവും മാത്രമായി രിക്കും.

ഈ നോമ്പുകാലത്തും തുടർന്നു വരുന്ന ക്രിസ്തുമസ് ആഘോഷവേളയിലും നമ്മുടെ ക്രൈസ്തവ ദൗത്യത്തെപ്പറ്റി നമുക്ക് അവബോധമുള്ളവരാകാം. പരസ്പരം സ്നേഹത്തിലും കൂട്ടായ്മയിലും ജീവിക്കുന്ന ഒരു സമൂഹസൃഷ്ടിക്കായി നമുക്ക് യത്നിക്കാം. നിങ്ങൾക്കേവർക്കും ഈശോയുടെ ജനനത്തിരുനാളി

ന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ നേരുന്നു. കർത്താവിന്റെ കൃപ നിങ്ങളുടെ മേൽ എന്നും ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപത കാര്യാലയത്തിൽ നിന്ന് 2007 നവംബർ മാസം 20-ാം തീയതി നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**

മാനന്തവാടി രൂപതയുടെ മെത്രാൻ

---

NB:- ഈ സർക്കുലർ 2007 ഡിസംബർ മാസം 9-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.